2016 നവംബർ 10
വാല്യം 09
ലക്കം 21

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ്
# 94 – ാമത് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2017 ജനുവരി 23 മുതൽ 29 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. 23 തിങ്കൾ വൈകിട്ട് 5.30 ന് ആരംഭിക്കുന്ന കൺവൻഷൻ അസിസ്റ്റന്റ് ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ഓവർസീയർ റവ. സി. സി. തോമസ് ഉദ്ഘാടനം ചെയ്യും. കൺവൻഷനിൽ ഇന്ത്യയിലും വിദേശത്തും ഉള്ള ദൈവദാസന്മാർ വചനശുശ്രൂഷ നിർവ്വഹിക്കും. കാത്തിരിപ്പ് യോഗം, ബൈബിൾ ക്ലാസ്സ്, യുവജനസമ്മേളനം, സഹോദരീ സമ്മേളനം, സൺഡേസ്കൂൾ പ്രോഗ്രാം, മിഷനറി സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം എന്നിവ വിവിധ സെക്ഷനുകളിലായി നടക്കും. രാത്രി യോഗങ്ങളിൽ ലോകപ്രശസ്തരായ ദൈവദാസന്മാർ വചനശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നടത്തും.

സ്റ്റേറ്റ് ഓവർസീയർ റവ. സി. സി. തോമസിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 25 -ന് മുളക്കുഴ സീയോൻകുന്നിൽ നടന്ന ആലോചനായോഗത്തിൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മറ്റികളെയും കൺവീനേഴ്സിനെയും തെരഞ്ഞെടുത്തു. റവ. സി. സി. തോമസ്, സ്റ്റേറ്റ് ഓവർസീയർ (ജനറൽ കൺവീനർ), പാസ്റ്റേഴ്സ് പി. ജി. മാത്യൂസ്, ജെ. ജോസഫ് (ജോ.ജനറൽ കൺവീനേഴ്സ്), പാസ്റ്റർ വൈ. ജോസ് (ഫിനാൻസ്), പാസ്റ്റർ ഈപ്പൻ ചെറിയാൻ (കർത്തൃമേശ), പാസ്റ്റർ പി. സി. ചെറിയാൻ (പബ്ലിസിറ്റി), പാസ്റ്റർ റ്റി. എം. മാമ്മച്ചൻ (അക്കോമഡേഷൻ), പാ


റവ. സി. സി. തോമസ്

സ്റ്റർ തോമസ്കുട്ടി ഏബ്രഹാം (സ്തോത്രകാഴ്ച), പാസ്റ്റർ തോമസ് എം. പുളിവേലിൽ (വോളന്റിയേഴ്സ്), പാസ്റ്റർ ഷിബു കെ. മാത്യു (ലൈറ്റ് & സൗണ്ട്സ്), പാസ്റ്റർ സജി ജോർജ്ജ് (പന്തൽ & സ്റ്റേജ്), പാസ്റ്റർ ജോൺസൺ ഡാനിയേൽ (ഗ്രൗണ്ട് അറേഞ്ച്മെന്റ്), പാസ്റ്റർ ബാബു ചെറിയാൻ (ഫുഡ്), പാസ്റ്റർ ഏ. റ്റി. ജോസഫ് (കൗൺസിലിംഗ്), പാസ്റ്റർ വിനോദ് ജേക്കബ് (ട്രാൻസ്ലേഷൻ), പാസ്റ്റർ സജി ഏബ്രഹാം (സ്റ്റാൾ), പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (റിസപ്ഷൻ), പാസ്റ്റേഴ്സ് ജി. അലക്സ്, വി. പി. തോമസ് (പ്രയർ), പാസ്റ്റർ വൈ. റെജി (ക്വയർ), ബ്രദേഴ്സ് ജോസഫ് മറ്റത്തുകാല, അജി കുളങ്ങര (വിജിലൻസ്), ബ്രദർ റ്റി. യോഹന്നാൻ (പബ്ലിക്കേഷൻ), പാസ്റ്റർ റ്റി. എ. ജോർജ്ജ് (ഇൻഫർമേഷൻ), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക് റിലേഷൻ), പാസ്റ്റർ ജോസ് ബേബി (നിർദ്ദേശങ്ങൾ, പരാതികൾ), പാസ്റ്റർ കെ. വി. ജേക്കബ് (പാർക്കിംഗ്), പാസ്റ്റർ കെ. റ്റി. വർഗീസ് (സെക്യൂരിറ്റി), പാസ്റ്റർ സാംകുട്ടി മാത്യു (മീഡിയ), പാസ്റ്റർ കെ. എ. ഉമ്മൻ (സ്നാനം), ഡോ. ഐസക് സൈമൺ (മെഡിക്കൽ), പാസ്റ്റർ പി. എ. ജെറാൾഡ് (സീറ്റിംഗ്), പാസ്റ്റർ ജോൺ ജോസഫ്, ബ്രദർ വി. എ. സാബു (ജലവിതരണം), പാസ്റ്റർ കെ. കെ. കോരുത് (ട്രാൻസ്പോർട്ടേഷൻ), സിസ്റ്റർ സുനു തോമസ്, വോളന്റിയേഴ്സ് (ലേഡീസ്), ബ്രദേഴ്സ് ബിനോയി പി. അലക്സ്, അരുൺ കെ. മാത്യു (ഓഫീസ്) എന്നിവർ വിവിധ കമ്മറ്റികളുടെ കൺവീനേഴ്സായി പ്രവർത്തിക്കുന്നു. അടുത്ത ആലോചനായോഗം നവംബർ 22 ചൊവ്വ 2.30-ന് മുളക്കുഴ സീയോൻകുന്നിൽ നടക്കും.

# വേണോ നമുക്ക് ഇങ്ങനെ ഒരു ഡ്രസ്സ് കോഡ്

അസംബ്ലീസ് ഓഫ് ഗോഡിന്റെ കേരളത്തിലെ നേതൃനിരയിൽ നിറഞ്ഞുനിൽക്കുന്ന ശുശ്രൂഷകനാണ് പാസ്റ്റർ ബാബു ജോർജ്ജ്. വിവാദങ്ങൾ തനിക്ക് പുത്തരിയല്ല. നവമാധ്യമങ്ങളിൽ പ്രചരിച്ച തന്റെ ഫോട്ടോ വൻ വിവാദമായി മാറിക്കഴിഞ്ഞു. ബിഷപ്പ് കുപ്പായവും കുരിശുമാലയും ഇട്ട് നിൽക്കുന്ന തന്റെ ഫോട്ടോ വ്യാജമാണെന്ന് പാസ്റ്റർ ബാബു ജോർജ്ജ് പറഞ്ഞെങ്കിലും ഒടുവിൽ ഫോട്ടോയും പ്രചരിച്ച വാർത്തയും സത്യമാണെന്ന് തെളിഞ്ഞു. ഫോട്ടോയുടെ ഒറിജിനാലിറ്റിയേക്കാൾ ഇത്തരം ഡ്രസ്സ് കോഡിനോട് തനിക്ക് എതിരില്ലെന്നും അതിനെ അംഗീകരിക്കുന്നുവെന്നും ഉള്ള പാസ്റ്റർ ബാബു ജോർജ്ജിന്റെ വാക്കുകൾ പെന്തെക്കോസ്ത് സമൂഹത്തിൽ ഒരു പൊതു ചർച്ചയ്ക്ക് കാരണമായി മാറിക്കഴിഞ്ഞു.




ചർച്ച് ഓഫ് എപ്പിസ്കോപ്പൽ ഇന്റർനാഷണൽ ഡയോസിസ് എന്ന സംഘടനയിൽ നിന്നും ജൂലൈ 23-ാം തീയതി പട്ടത്വം സ്വീകരിച്ചു എന്ന് വിശ്വസനീയമായ അറിവ് ലഭിച്ചതിനാൽ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ അദ്ദേഹത്തെ ഒക്ടോബർ 27-ന് അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു.

ബിഷപ്പ്സ് കൗൺസിലിൽ താൻ അംഗമാണെന്നും ഭാരതസർക്കാർ പെന്തെക്കോസ്ത് പാസ്റ്റർമാരെ അംഗീകരിച്ചിട്ടില്ലെന്നും ബിഷപ്പുമാരെ മാത്രമേ സർക്കാർ അംഗീകരിക്കുവെന്നും ഒക്കെ പാസ്റ്റർ ബാബു ജോർജ്ജ് വാദഗതി ഉയർത്തുന്നു. ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിൽ ശുശ്രൂഷകരെ ബിഷപ്പ് എന്നാണ് വിളിക്കുന്നത് എന്നും പാസ്റ്റർ ബാബു ജോർജ്ജ് പറയുന്നു.


MALAYALAM DISTRICT COUNCIL
of the
SOUTH INDIA ASSEMBLIES OF GOD

പെന്തെക്കോസ്ത് ഉപദേശത്തിലും വിശുദ്ധിയിലും നിൽക്കുന്ന വ്യക്തിയാണ് താനെന്ന് പാസ്റ്റർ ബാബു ജോർജ്ജ് കൂട്ടിച്ചേർത്തു.

തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള അസംബ്ലീസ് ഓഫ് ഗോഡുകാരായ ചില ശുശ്രൂഷകർ കൂടി പട്ടത്വം സ്വീകരിച്ചവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതായി തെളിഞ്ഞതോടെ ഇതിന്റെ ആഴം വലുതാണെന്ന് ബോധ്യമായി കഴിഞ്ഞു. പെന്തെക്കോസ്ത് പ്രസംഗകരായ പാസ്റ്റർ കെ. എ. എബ്രഹാം, കെ. ഒ. തോമസ് തുടങ്ങിയവർ ഈ സംഘടനയുടെ പുരസ്കാരത്തിന് അർഹരായി എന്ന വാർത്തയും ഇതിനോടകം പുറത്തുവന്നുകഴിഞ്ഞു. പെന്തെക്കോസ്ത് ഉപദേശവും വേർപാടും പറയുന്ന ആളുകൾ ഇത്തരം കോമാ

06



പെന്തെക്കോസ്ത് ശുശ്രൂഷകർ മെത്രാൻ കുപ്പായവും കുരിശും ഇടുന്നു.

*ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം.*

# ജാർഖണ്ഡിൽ സന്നദ്ധ സംഘടനകൾക്കെതിരെ സർക്കാർ അന്വേഷണം

പ്രകാശ് പി. കോശി

ജാർഖണ്ഡിൽ സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെടുന്ന ക്രൈസ്തവ സംഘടനകളുടെ സാമ്പത്തിക സ്രോതസ് അന്വേഷിക്കാൻ സർക്കാർ ഉത്തരവിറക്കി. FCRA പരിധിയിൽ വന്ന 310 കോടി രൂപ ആദിവാസികളെ മതപരിവർത്തനം നടത്താൻ സന്നദ്ധ സംഘങ്ങൾ ഉപയോഗിച്ചു എന്ന് ജാർഖണ്ഡ് മുഖ്യമന്ത്രി രഘുബാർദാസ് അടുത്തയിടെ ആരോപണം ഉന്നയിച്ചിരുന്നു. വിദ്യാഭ്യാസത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വന്ന ഫണ്ടാണ് സുവിശേഷ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതെന്ന് സഭാ വിരുദ്ധർ പ്രചരിപ്പിക്കുന്നു.

ഏകദേശം 106 സംഘടനകളാണ് ആരോപണത്തിനിരയായത്. മൂന്ന് കോടിയിലധികം ജനസംഖ്യയുള്ള ജാർഖണ്ഡിൽ 26% ആളുകൾ ആദിവാസി വിഭാഗങ്ങളിൽപെടുന്നവരാണ്. തെറ്റായ രീതിയിലും പ്രലോഭനത്തിലൂടെയും നടത്തുന്ന മതപരിവർത്തനങ്ങൾ വെച്ച് പൊറുപ്പിക്കുകയില്ല എന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ പ്രസ്താവനക്കെതിരെയും ഉത്തരവിനെതിരെയും ജാർഖണ്ഡിലെ ഒരു ഐ.എ.എസ് ഓഫീസർ രംഗത്ത് വന്നു. പഞ്ചായത്ത് രാജ് സെക്രട്ടറി വന്ദന ടാഡെൻ ആണ് മുഖ്യമന്ത്രിയുടെ ഉത്തരവിനെതിരെ സോഷ്യൽ മീഡിയായിലൂടെ പ്രതികരിച്ചത്.

ആദിവാസികളുടെ മതവിശ്വാസത്തെപ്പറ്റി പെട്ടെന്ന് എല്ലാവരും എന്തുകൊണ്ടാണ് ചിന്തിക്കുന്നതെന്നും, അവർക്കും ഇഷ്ടമുള്ള വിശ്വാസം സ്വീകരിക്കാൻ അവകാശം ഉണ്ട് എന്നും വന്ദന ടാഡെൻ പറഞ്ഞു.

സാമൂഹ്യപ്രവർത്തകരും സർക്കാരിന്റെ ഉത്തരവിനെതിരെ രംഗത്ത് വന്നു.

"ഇത് തെറ്റായ ആരോപണങ്ങളാണ്. സംഘടനകൾ പണം ദുർവിനിയോഗം ചെയ്തിരിക്കാം. എന്നാൽ ആരും മതപരിവർത്തനത്തിൽ ഏർപ്പെടുന്നില്ല" രത്തൻ ടിർക്കെ പറഞ്ഞു.

"മുഖ്യമന്ത്രി സമൂഹത്തെ മതത്തിന്റെ പേരിൽ വിഘടിപ്പിക്കാൻ ശ്രമിക്കുകയാണ് എന്ന് മുൻ കോൺഗ്രസ് മന്ത്രി സുബോദ് കാന്ത് സഹായ് പറഞ്ഞു. ഭരണപരാജയങ്ങൾ മറച്ചുവെക്കാൻ മുഖ്യമന്ത്രി അകാരണമായി ന്യൂനപക്ഷങ്ങളെ ഭീഷണിപ്പെടുത്തുകയാണ് സഹായ് പറഞ്ഞു. കാതലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ മുഖ്യമന്ത്രിയുടെ പ്രസ്താവനയെ വിമർശിച്ചു.

05

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

## ലേഖനം

# വർഷിപ്പ് തലവനും തലൈവിയും ഒരു വീക്ഷണം!



**ജോ തോമസ്, മസ്കറ്റ്**

വിഗ്രഹാരാധനയെന്ന മിസ്രയിം സംസ്കാരം തിരികെ തോളിലേറ്റിയ യിസ്രായേൽ മക്കൾ സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ സപ്തസ്വര താളമേളങ്ങളോടെ ആരാധന കൊണ്ടാടുന്നു (പുറപ്പാട് 32). മിസ്രയീംദേശത്തു നിന്നു പുറപ്പെടുവിച്ചു കനാൻ ലക്ഷ്യമാക്കി പുറപ്പെട്ട യിസ്രായേൽ ജനതയുടെ നായകനായ മോശെയെ ദിനങ്ങൾ പലതും കഴിഞ്ഞിട്ടും കാണുവാനില്ല. വലിയൊരുഗണമായ ജനതയെ നയിക്കുവാനുള്ള ആലോചന ദൈവത്തിൽ നിന്നും ഏറ്റുവാങ്ങുവാൻ സീനായിയുടെ ഉത്തുംഗശൃംഗത്തിൽ ആയിരുന്ന മോശെ വരുവാൻ അല്പം താമസിച്ചു. ഇങ്ങ് താഴ്വരയിൽ അഹരോൻ താൽകാലിക സ്ഥാനം ഏറ്റെടുത്തു. മോശെയുടെ ദർശനം അഹരോന് ഉണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ജനങ്ങൾ പുതിയ ആവശ്യവുമായി തന്റെ അടുക്കൽ വരികയില്ലായിരുന്നു എന്ന് അനുമാനിക്കാം. നാം ദൈവത്തെ ആരാധിക്കാൻ ഒന്നിച്ചു കൂടുമ്പോൾ പോലും, ജനങ്ങളുടെ ആവശ്യാനുസരണം നാം എന്നോ ഉപേക്ഷിച്ചു പോന്ന ചില ലൗകീക സംസ്കാരങ്ങൾ ആത്മീയതയോട് കൂട്ടിയിണക്കുവാൻ ഒരു ന്യൂനപക്ഷം ശ്രമം നടത്തുന്നു. അതിനോടൊത്ത് തുള്ളാൻ നല്കപ്പെട്ട പ്രമാണം മറന്ന് അതിനു വിരോധമായി ചിന്തിക്കുന്ന ദർശനശൂന്യരായ 'സഹായി'കൾ വർദ്ധിച്ചു വരുന്ന കാഴ്ചകൾ ഇപ്പോൾ സർവ്വസാധാരണമായിരിക്കുന്നു. മിസ്രയീം ദേശത്തു നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ മോശെക്കു എന്തു ഭവിച്ചു എന്നറിയാത്ത ജനത അഹരോനോടു "നീ എഴുന്നേറ്റു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിനു ഒരു ദൈവത്തെ ഉണ്ടാക്കി തരിക" എന്ന് പറഞ്ഞു. വിട്ടുപോന്നതിലേക്കുള്ള മനസ്സിന്റെ മടക്കയാത്ര മടങ്ങിപ്പോകുവാൻ ഇടവരുത്തിയിരിക്കുന്നു. മിസ്രയീം സംസ്കാരമായ വിഗ്രഹാരാധന തിരികെയെടുത്തു ആഘോഷമാക്കുവാൻ ഒരു ജനത ആഗ്രഹിക്കുന്നു. വിഗ്രഹാരാധന വിട്ടിറങ്ങി പോന്നവർക്ക് ഇപ്പോൾ അതൊരു അഭിമാനമായി തോന്നിയിരിക്കുന്നു. ദൈവഹിതത്തിനു വിപരീതമായി മനുഷ്യഹിതത്തിനനുസരിച്ചു അന്യാരാധനയ്ക്ക് അവസരം ഒരുക്കുന്ന അഹരോനെ ഇവിടെ കാണാം. അഹരോന് ഒരു മനസലിവ്. അഹരോൻ കേട്ടപാതി കേൾക്കാത്തപാതി, അവരുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചുകൊണ്ട് വന്നു ഉരുക്കി ചെത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. യിസ്രായേൽ ജനതയെ മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന സർവ്വശക്തനായ ദൈവത്തിനു സ്ഥാനത്ത് അവർ കാളക്കുട്ടിയെ പ്രതിഷ്ഠിച്ചു. അവർ ആഘോഷവും തുടങ്ങി. ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു. വെറുതെ കണ്ണോടിച്ചാൽ നമുക്ക് ചുറ്റും കാണുന്ന കാഴ്ചകൾ വ്യത്യസ്തങ്ങളല്ല. ഓരോ നാടിന്റെയും സംസ്കാരമനുസരിച്ച് ചെയ്യേണ്ട ഒന്നല്ല ആരാധന. ക്രിസ്തുവിൽ പുതിയ സൃഷ്ടികൾ ആയവർക്ക് പിന്തുടരാൻ ഒരു സംസ്കാരമുണ്ട്. അത് ലോകത്തിനു അനുരൂപമല്ല. അവർ തനിച്ചു പാർക്കുന്ന ജനമാണ്. ദൈവശബ്ദത്തിനു കാതോർക്കാതെ പ്രേഷിതർ, അഹരോനെപ്പോലെ മാനുഷിക ബുദ്ധിയിൽ ജനങ്ങളെ പഴയസംസ്കാരത്തിലേക്ക് നയിക്കുന്നത് ഇന്നിന്റെ വേറിട്ട കാഴ്ചകളിൽ ഒന്നുമാത്രം. വിശ്വാസ വീരന്മാരുടെ പട്ടിക നിരത്തി പൗലോസ് എബ്രായർക്കു ലേഖനമെഴുതുമ്പോൾ അവരെ കുറിച്ച് പറയുന്ന വാക്കുകൾ നമുക്കും ചിന്തനീയമാവട്ടെ. അവർ വിട്ടു പോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവർ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ (എബ്രായർ 11:15–16).

സാക്ഷികളുടെ സമൂഹത്തിനു ദഹനശേഷി നഷ്ടമാകുമോ എന്ന ഭീതിയോടെ ചില കാലിക കാഴ്ചകളിലേക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ കടമെടുക്കുന്നു. രണ്ടു പതിറ്റാണ്ടുകൾക്ക് പിന്നിൽ നമ്മുടെ മിക്ക കൺവൻഷൻ നോട്ടീസുകളിലും കണ്ടുവന്നിരുന്ന ഒരു പ്രയോഗം ഇങ്ങനെയായിരുന്നു "ഗാനശുശ്രൂഷ". (ഏതെങ്കിലും ഒരു ടീമിന്റെ പേര് അതിൽ ചേർക്കും). എന്നാൽ ഇന്ന് സ്ഥിതി മാറി, അല്ല മാറണമല്ലോ? ഇന്ന് അതിനു പകരം ഒരു വാചകം സ്ഥാനം പിടിച്ചിരിക്കുന്നു "Worship leader"....വേദിയിൽ ടപ്പാംകുത്ത് രീതിയിൽ ഒരു പാട്ട് തുടങ്ങി ഇടയ്ക്ക് അപശബ്ദങ്ങൾ (കൂവൽ) പുറപ്പെടുവിക്കുകയും കടന്നു വന്നവരെ ദേഹാഭ്യാസം ചെയ്യിപ്പിക്കുകയും ഒടുവിൽ അന്യഭാഷ പറഞ്ഞു അവസാനിപ്പിക്കുകയും ചെയ്യുവാൻ സംഘാടകർ കൊണ്ടുവരുന്ന വ്യക്തിയെയാണ് നാം വർഷിപ്പ് ലീഡർ എന്ന് ഓമനപ്പേരിൽ വിളിക്കുന്നത്, വാസ്തവത്തിൽ, മുകളിൽ പറയുന്ന പ്രക്രിയകൾക്ക് ആണോ വർഷിപ്പ് എന്ന് പറയുന്നത്? അല്ലായെന്ന് വചനം വായിക്കുന്നവർക്ക് മനസിലാകും. ഇപ്പോൾ ഇറങ്ങുന്ന ഒട്ടുമിക്ക നോട്ടീസുകളിലും "പ്രമുഖ വർഷിപ്പ് ലീഡർ" എന്ന വിശേഷണം കാണാൻ സാധിക്കും. തട്ടുപൊളിപ്പൻ ഒരു പാട്ടിനും അന്യഭാഷാ ഭാഷണത്തിനും ശേഷം. കാലപ്പഴക്കം ചെന്ന സീലിംഗ് ഫാൻ ഒന്നിൽ ഇട്ടാൽ അത് ആടുന്നതുപോലെ കിറുകിറാ ശബ്ദത്തോടെ അവർ പാടും "പരിശുദ്ധാത്മാ ആ"....ഇതെല്ലാം കണ്ടും കേട്ടും നിന്നു തളർന്ന ജനങ്ങൾ ഏ റ്റുപാടും

06

## യുവജന പംക്തി

# അവിശ്വാസി ജീവിതപങ്കാളിയായാൽ



**ബിനു വടശ്ശേരിക്കര**

അവിശ്വാസി ആണെങ്കിൽ വിവാഹത്തിനുവേണ്ടി സ്നാനപ്പെടുകയും ക്രിസ്തീയ മതം സ്വീകരിക്കുവാനും തയ്യാറായ ഒരു പെൺകുട്ടിയെ ഞാൻ ഇഷ്ടപ്പെടുന്നു. വിവാഹം കഴിക്കുന്നതിൽ തെറ്റുണ്ടോ ഇല്ലെങ്കിൽ വഞ്ചനയല്ലേ? – S.J.

ഇത്തരത്തിൽ വിവാഹം കഴിച്ച് പരാജയപ്പെട്ടവരുടെ ഒരു ഗണം നമുക്കുചുറ്റും ഉണ്ട്. കുടുംബ ജീവിതം പരീക്ഷണങ്ങൾ നടത്തി ജയ പരാജയങ്ങൾ അളക്കേണ്ട ഒരു പരീക്ഷണശാലയല്ല ക്രിസ്തു കേന്ദ്രീകൃതമായ എല്ലാ കുടുംബങ്ങളും വിജയത്തിലേക്കാണ് പോകുന്നത്. ജീവിതം ദൈവവചനാടിസ്ഥാനത്തിലാണെങ്കിൽ വിജയം നിശ്ചയമാണ്. പലരും ഇഷ്ടങ്ങളുടെ പുറമേ ഓടുമ്പോൾ കഴിഞ്ഞ നീണ്ട നാളുകൾ ഓമനിച്ചു വളർത്തിയ മാതാപിതാക്കളെപോലും തള്ളിക്കളഞ്ഞ് ഇന്നലെ കണ്ട ഒരാൾക്കൊപ്പം നടന്നു നീങ്ങുന്നതാണ് ഇന്നത്തെ കാഴ്ച.

ഈ കൂട്ടത്തിൽ മുകളിൽ ഉന്നയിക്കപ്പെട്ട അക്രൈസ്തവ ബന്ധങ്ങളും ഇല്ലാതില്ല. ഈ കഴിഞ്ഞ ദിവസങ്ങൾ കേട്ട പലതും ഇത്തരത്തിലുള്ളവയാണ്. കുടുംബത്തിന്റെ നിലവാരത്തിനും മക്കളുടെ ഭാവിക്കും വിശ്വാസത്തിനും ദോഷം വരുത്തുന്ന തരം ബന്ധങ്ങളിലേക്ക് സാധാരണയായി മാതാപിതാക്കൾ വിയോജിപ്പ് പ്രകടിപ്പിക്കാറുണ്ട്. ഈ വിയോജിപ്പ് ഒരുതരം വിദ്വേഷമോ പിണക്കമോ ആയി കണ്ട് പ്രതികരിക്കുന്നവരാണ് പലരും യുവതീയുവാക്കളും. എന്നാൽ ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത് തടയേണ്ട കാര്യവും ഇല്ല.

വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ച് ഇഷ്ടപ്പെട്ട ചെറുക്കന്റെ കൂടെ ഇറങ്ങിപോയ പെൺകുട്ടിയുടെ പ്രതികരണം എന്നെ വല്ലാതെ ഞെട്ടിച്ചു; "എനിക്കറിയാം ഞാൻ ചെയ്തത് തെറ്റാണെന്ന്, പപ്പായെയും മമ്മിയെയും വിളിച്ചു ഞാൻ സോറി പറഞ്ഞു. പക്ഷേ അവർ ഫോൺ കട്ട് ചെയ്തുപോയി, അത് എനിക്ക് വിഷമമായി" അല്ല, എന്നെ ചിന്തിപ്പിച്ചത്, ഇന്നത്തെ തലമുറയുടെ മനോഭാവമാണ്. ഒരു സോറി പറഞ്ഞ് തീർക്കാവുന്ന ഒന്നാണോ ഇവൾ ചെയ്തത്. മാതാപിതാക്കളുടെ വാക്കു ഗണിക്കാതെ വീടുവിട്ടു ഇറങ്ങിപോയ ഇവൾ ഒരു 'സോറി' പറഞ്ഞാൽ പ്രശ്നം തീരുമോ? മാതാപിതാക്കളിൽ ഇത് ഉണ്ടാക്കുന്ന മുറിവ് എത്ര വലിയതാണ് എന്ന് തിരിച്ചറിയുക. മക്കളുടെ നല്ല ഭാവി മുൻ കണ്ടുമാത്രമാണ് ചിലതിനോട് 'No' പറയുവാൻ മാതാപിതാക്കൾ നിർബന്ധിക്കപ്പെടുന്നത് എന്നാൽ ദുർബുദ്ധികാരണം "ഞാൻ പറയുന്നതേ നടക്കൂ" എന്ന മാതാപിതാക്കളുടെ ചിന്തയും നല്ലതല്ല.

അമേരിക്കപോലെയുള്ള രാജ്യങ്ങളിൽ ജീവിക്കുന്ന തലമുറയ്ക്ക് വിവാഹ തീരുമാനങ്ങളിൽ പൂർണ്ണ സ്വാതന്ത്ര്യമാണുള്ളത്. മാതാപിതാക്കൾ അത് പ്രതീക്ഷിക്കുന്നതിനാൽ അവർക്ക് അതിൽ ഒരു ഞെട്ടലും ഇല്ല. എന്നാൽ നമ്മുടെ സാഹചര്യം അല്പം കൂടി വ്യത്യസ്തമാണ് വിദേശ വിവാഹങ്ങളുടെ ഗുണദോഷം വിശകലനം നമ്മുടെ വിഷയമല്ല. നമ്മുടെ സംസ്കാരത്തിന്റെ ഭാരമായുള്ള ചില കാര്യങ്ങൾ നാം വിസ്മരിക്കരുത്. ഒപ്പം വചനം അനുസരിക്കാനുള്ള മനസും.

അവിശ്വാസികൾ ജീവിതപങ്കാളിയായാൽ കുടുംബജീവിതം പരാജയപ്പെടുമെന്നതിൽ തെല്ലും സംശയം വേണ്ട; അപ്പോൾ അവിശ്വാസികളുടെതോ എന്ന് ചിലർ ചോദിക്കാം, അവർക്ക് ദൈവീകപ്രമാണമില്ല, എന്നാൽ പ്രമാണമുള്ളവർ അത് മായിക്കുമ്പോഴാണ് പ്രശ്നം.

ഇന്നത്തെ യുവതീ-യുവാക്കളുടെ സുഹൃത്ത് ബന്ധങ്ങൾ കൂടുതലും അക്രൈസ്തവരുമാണ്; ഇത്തരത്തിലുള്ള ആൺ-പെൺ സുഹൃത്ത് ബന്ധങ്ങൾ പലപ്പോഴും വിവാഹത്തിലേക്ക് നയിക്കപ്പെടുന്നു. സുഹൃത്ത് ബന്ധത്തിന്റെ അകലം ശരിയായി സൂക്ഷിക്കാത്തതിനാലാണ് ഇത് സംഭവിക്കുന്നത്. ഇത്തരത്തിലുള്ള സ്നേഹിതർ വിവാഹജീവിതത്തിലേക്ക് ഉള്ളവരല്ല എന്ന തിരിച്ചറിവും കുഞ്ഞുങ്ങൾക്ക് ചെറുപ്പത്തിൽ തന്നെ ഉണ്ടാകണം. ദൈവഹിതപ്രകാരം ഉള്ള ജീവിതപങ്കാളിയാണ് ആവശ്യം അതിനായി കാത്തിരിക്കാനും ദൈവഹിതം അറിഞ്ഞു ജീവിക്കുവാനും ശ്രദ്ധിക്കുക.

# പ്രെയർ സെൽ തിരുവനന്തപുരം

## സൗത്ത് മേഖലാ പ്രാർത്ഥനാസംഗമം നടത്തി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ സെൽ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം സൗത്ത് മേഖലാതല പ്രാർത്ഥനാ സംഗമം ഉറിയാക്കോട് ദൈവസഭാ ഹാളിൽ നടത്തി. സംസ്ഥാന ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, ബോർഡ് അംഗം പാസ്റ്റർ എം.ഇ.റെജി എന്നിവർ വചനപ്രഭാഷണം നടത്തി. ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് അംഗങ്ങളായ പാസ്റ്റർമാരായ ഷിജു മത്തായി, തോമസ് ജോർജ്, ജേക്കബ് ബഞ്ചമിൻ, സാം രാജ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാസ്റ്റർമാരായ കെ.എ.ഡേവിഡ്, സുനിൽ സ്കറിയ ഗാനശുശ്രൂഷ നയിച്ചു. തിരുവനന്തപുരം, തിരുവനന്തപുരം ടൗൺ, തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം ഈസ്റ്റ്, ആറ്റിങ്ങൽ, കോവളം, ബാലരാമപുരം, വർക്കല ഡിസ്ട്രിക്റ്റുകളെ ഏകോപിപ്പിച്ചുള്ള തിരുവനന്തപുരം മേഖലാ പ്രാർത്ഥനാ സംഗമം നവംബർ 21നു രാവിലെ 10 മുതൽ 01.30 വരെ പട്ടം ദൈവസഭാ ഹാളിൽ നടക്കും.

എനിക്കും പറയാനുണ്ട്

# ദുരുപദേശകർ അരങ്ങുവാഴുമ്പോൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പെന്തെക്കോസ്തിന്റെ ഏറ്റവും വലിയ ശക്തി വേർപാട് തന്നെയാണ്. മിസ്രയിമിൽ നിന്ന് പുറപ്പെട്ട യിസ്രായേൽ ജനതയെ ശപിക്കുവാൻ നിയോഗിക്കപ്പെട്ട ബിലയാമിന്റെ വാക്കുകൾ ശ്രദ്ധിക്കുക. യിസ്രായേൽ ജനതയെ മറ്റു ജാതികളിൽ നിന്ന് വ്യത്യസ്തരാക്കിയതും അവരുടെ വേർപാടുതന്നെയാണ്. വേർപാടിന്റെ ശക്തി തിരിച്ചറിഞ്ഞ ശത്രു അതു തകർക്കുവാനുള്ള തന്ത്രങ്ങളാണ് മെനഞ്ഞതും. അതിൽ ശത്രു വിജയിച്ചപ്പോൾ യിസ്രായേൽ ജനം പരാജിതരായി. ഇതുതന്നെയാണ് സഭയുടെയും അവസ്ഥ. വേർപാടും വിശുദ്ധിയും ആണ് സഭയുടെ ശക്തി. അതിനെ ഇല്ലാതാക്കുക എന്നതാണ് ശത്രുവിന്റെ വലിയ തന്ത്രം.

ആദ്യകാല ശുശ്രൂഷകരും വിശ്വാസികളും വേർപാടിന് വലിയ പ്രാധാന്യം നൽകിയിരുന്നു. പുകവലി, മുറുക്ക്, മദ്യപാനം, നാടകം, സിനിമ, കോടതി വ്യവഹാരങ്ങൾ ഇങ്ങനെയുള്ളതെല്ലാം ദൈവജനത്തിന് നിഷിദ്ധമായിരുന്നു. കാലം മുമ്പോട്ടു പോയപ്പോൾ പോയതിനേക്കാൾ വേഗത്തിൽ ഇവയെല്ലാം പെന്തെക്കോസ്തിൽ കൊടികുത്തി വാഴുകയാണ് ഇന്ന്. സിനിമാ നിർമ്മാതാക്കളും സംവിധായകരും ക്യാമറാമാൻമാരും നടീനടന്മാരും ഒക്കെ പെന്തെക്കോസ്തിൽ ധാരാളം. പട്ടത്വ സഭകളെ വിട്ട് നിന്ദയും അപമാനവും സഹിച്ചിറങ്ങിയവരായിരുന്ന ആദ്യകാല പിതാക്കന്മാർ. അവർ ദൈവവചനം ശക്തമായി വ്യാഖ്യാനിച്ചിരുന്നു. ശിശുസ്നാനം തുടങ്ങി പട്ടത്വ സഭകളുടെ കൂദാശകളും വേഷ വിധാനങ്ങളും പൊൻകുരിശും കാണിക്കവഞ്ചിയുമെല്ലാം വിട്ടെറിഞ്ഞത് ദൈവവചനാടിസ്ഥാനത്തിൽ ആയിരുന്നു. വചനത്തിനായിരുന്നു അന്ന് പ്രാധാന്യം.

കാലം മാറി. പെന്തെക്കോസ്തുകാരുടെ പട്ടിണി മാറി. ചെറ്റക്കുടിലുകൾ മണിമാളികകൾക്ക് വഴിമാറി. കാൽനടമാറി യാത്ര ബെൻസിലായി. കീറി തയ്ച്ച വസ്ത്രങ്ങൾക്കു പകരം ബ്രാൻഡഡ് ഡ്രസ്സുകൾ അണിഞ്ഞ് സമൂഹത്തിൽ മാന്യരായി. ഒരിക്കൽ പേപ്പട്ടിയെപ്പോലെ ഓടിച്ചുവിട്ടവർ കസേരയിൽ ക്ഷണിച്ചിരുത്തി. അവഗണിക്കപ്പെട്ടു കിടന്ന പെന്തെക്കോസ്തരുടെ ഭരണകേന്ദ്രങ്ങളിൽ രാഷ്ട്രീയപാർട്ടിയുടെ നേതാക്കന്മാർ ഊഴമിട്ട് കാത്തുനിന്നു. പല മണ്ഡലങ്ങളിലും ജയപരാജയങ്ങൾ നിശ്ചയിക്കാൻ ത്രാണിയുള്ളവരായി മാറിയ പെന്തെക്കോസ്തുകാർ വോട്ടുകച്ചവടക്കാരായും മാറി. മണൽ, കെട്ടിട, വസ്തു, ഗുണ്ടാ തുടങ്ങി സകല മാഫിയകളിലും പെന്തെക്കോസ്തുകാർ മേൽവിലാസമുറപ്പിച്ചു. ആത്മീയ നേതൃത്വം എന്നത് പടിയിറങ്ങിയിട്ട് കാലം കുറെയായി. വെള്ളയുടുപ്പും വേഷ്ടിയും തമ്പേറടിയമൊക്കെ പുച്ഛമായി. കാലത്തിനൊത്ത് കോലം തുള്ളുവാൻ തീരുമാനിച്ച ആത്മീയ കോമാളികൾ ശർദ്ദിയിലേക്ക് തിരിഞ്ഞ് ആവോളം ഭക്ഷിക്കുവാൻ തുടങ്ങി. ഒരിക്കൽ ഉപേക്ഷിച്ചത് ആഞ്ഞ് പുൽകി. എല്ലാത്തിനും വാക്യവും ന്യായവും കണ്ടെത്തുന്നവർ കുപ്പായവേഷം ധരിച്ചതിനും ന്യായം പറയുന്നു.

നമ്മുടെ പിതാക്കന്മാർ പെന്തെക്കോസ്ത് വിശ്വാസത്തിനായി ഇറങ്ങിതിരിച്ചപ്പോൾ ആകർഷണീയമായ വേഷവിധാനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. പെന്തെക്കോസ്ത് എന്ന് പറയുന്നത് അക്കാലത്ത് ആർക്കും താല്പര്യം തോന്നുവാനുള്ള ഒന്നും തന്നെ ഇല്ലാത്ത വിഭാഗമായിരുന്നു. ബാഹ്യമായ പ്രകടനങ്ങളോ പ്രൗഢിയോ ഇല്ലാതിരുന്നിട്ടും ദൈവവചനത്തിനുവേണ്ടി നിലനിന്ന പിതാക്കന്മാരുടെ ത്യാഗപൂർണ്ണമായ ജീവിതശൈലിയും ശുശ്രൂഷയും അനേകായിരങ്ങളെ ഈ മാർഗ്ഗത്തിലേക്ക് ആകർഷിച്ചു. ഒരു അഗ്നി കണക്കെ ദേശങ്ങളിലേക്ക് വ്യാപിച്ചു. അതിന്റെ സ്വാധീനവലയത്തിൽ ആയിത്തീർന്നവർ സ്വഭാവരൂപീകരണത്തിലൂടെ സമൂഹത്തിൽ വ്യത്യസ്തയുള്ളവരായി. തങ്ങളേക്കാൾ ഇക്കൂട്ടർ വ്യത്യസ്തരാണെന്ന് സമൂഹം അംഗീകരിച്ചു. അത് ഈ മാർഗ്ഗത്തിന്റെ വളർച്ചയ്ക്ക് പ്രയോജകീഭവിച്ചു. കാലങ്ങൾ മാറിയപ്പോൾ പൊതുസമൂഹത്തിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലാതെ ഭക്തിയുടെ വേഷധാരികളായി പെന്തെക്കോസ്തുകാർ അധഃപതിച്ചു.

ഒരു മോതിരമിടുന്നവരെ ഇരുത്തിപൊരിച്ചവർ ലക്ഷങ്ങൾ ആർഭാടത്തിനായി മുടക്കുന്ന സ്ഥിതിയിലെത്തി. പരീശന്മാരേക്കാൾ മതഭക്തരായി മാറിയ പെന്തെക്കോസ്തുകാർ സ്റ്റേജുകളിലും സഭാഹാളുകളിലും മാത്രം ഭക്തി മതി എന്ന നിലയിലേക്ക് എത്തിച്ചേർന്നു. ഒരിക്കൽ പറഞ്ഞ ആദർശം കാറ്റിൽ പറത്തുകയും ലോകത്തിന്റെ താളത്തിനൊത്ത് തുള്ളുകയും ആണ് നാം ഇന്ന്.

ഒരു മോതിരമെങ്കിലും പെന്തെക്കോസ്തുകാർ ധരിക്കുന്നത് തെറ്റല്ല എന്ന് ഒരിക്കൽ അച്ചൻകുഞ്ഞ് ഇലന്തൂർ എഴുതിയപ്പോൾ അന്ന് ഇവിടെയുണ്ടായ കോലാഹലം പറഞ്ഞറിയിക്കാവുന്നതായിരുന്നില്ല. വെളുത്ത പശുവിന്റെ പാലു വേണ്ട എന്നു പറഞ്ഞവരും പിൻഗാമികളും വെള്ളക്കാരന്റെ നാട്ടിൽ കുടികിടപ്പുകാരായത് പിൽക്കാല ചരിത്രം.

പഴയതിലേക്ക് മടങ്ങിപോകുവാനുള്ള ഒരു പ്രവണത പലരിലും കാണുന്നു. കാരണം ഇവിടെയാണ് എല്ലാമെന്ന വിശ്വാസം. അർത്ഥാൽ ഈ ലോകത്തിൽ മാത്രം പ്രത്യാശയുള്ളവരായി ഇവിടെ സിംഹാസനം പണിയുവാൻ ആഗ്രഹിക്കുന്നവരാണ് ഇത്തരം പ്രവണത കാട്ടുന്നത്. പഴയതിലേക്ക് മടങ്ങിപ്പോകുന്നതിന് ഇക്കൂട്ടർക്ക് ധാരാളം ന്യായവാദങ്ങളുണ്ട്. അതെല്ലാം രസകരവും വേദപുസ്തക അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ കഴിയാത്തതുമാണ്.

സഭയ്ക്കെതിരെ പീഡയുണ്ടാകുമ്പോൾ എപ്പിസ്കോപ്പൽ സഭകൾ രക്ഷപ്പെടുമത്രെ. പെന്തെക്കോസ്തരെ സർക്കാർ അംഗീകരിക്കില്ലപോലും. എന്തെല്ലാം വാദങ്ങളാണ് ഇക്കൂട്ടർ ഉയർത്തുന്നത്. പീഡാകാലത്ത് ജീവൻ രക്ഷിക്കാൻ വചനം വിട്ടുകളയുന്ന ഇക്കൂട്ടർ വിശ്വാസത്യാഗികളത്രെ. ഇവിടെ ജീവനും സ്വത്തും സംരക്ഷിക്കുവാനല്ലല്ലോ കർത്താവ് വിളിച്ചത്. ഗോതമ്പുമണി നിലത്തുവീണു ചത്ത് പുതുജീവൻ നൽകുന്നതല്ലേ ക്രിസ്ത്യാനിയുടെ മാതൃക. ഇവിടെ നമ്മൾ അന്യരും പരദേശികളുമല്ലേ.

നമ്മൾ ജാഗ്രതയുള്ളവരാകുക. ദൈവത്തെ ഭയപ്പെടുക വചനത്തിൽ നിലനിൽക്കുക. ഉപദേശത്തിൽ മായം ചേർക്കാതിരിക്കുക. നമ്മുടെ കർത്താവ് വരുന്നു. ജാഗ്രതൈ.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

–തുടർച്ച–

തിമൊഥെയൊസ് ലേഖനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

അതുപോലെ യോഗയിലെ മറ്റൊരു അഭ്യാസമാണ് കുന്ദളിനി യോഗ. ഇതിനെ കുണ്ടലിനി യോഗ എന്നും ചിലർ വിളിക്കാറുണ്ട്. ഇത് ഉദ്ദേശിക്കുന്നത് നമ്മുടെ നട്ടെല്ലിൽ ഉള്ള സ്പൈനൽകോഡിന്റെ ഏറ്റവും അടിയിൽ സ്ഥിതി ചെയ്യുന്ന കുന്ദളിനിയെ അതായത് ചുരുണ്ടിരിക്കുന്ന സർപ്പശക്തി അവിടെ നിന്നും ഉണർത്തി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ കടത്തി അവസാനം തലച്ചോറിൽ കൊണ്ടു വരുമ്പോഴേയ്ക്കും യോഗി ദൈവത്തിൽ (ഈശ്വരനിൽ) ലയിക്കും ഇതാണ് കുന്ദളിനി യോഗയിലൂടെ ഉദ്ദേശിക്കുന്നത്.

കുന്ദളിനി എന്നാൽ നമ്മുടെ ശരീരത്തിൽ ഉള്ള ദൈവീക ഊർജ്ജം ചിട്ടപ്പെടുത്തുകയെന്നതാണ് യോഗയിലെ വിശ്വാസം. ഭഗവത് ഗീതയിലും യോഗയെപ്പറ്റി പറയുന്നുണ്ട്, യോഗമൂലം മനസ്സ് കളങ്കമില്ലാത്തതും ആഗ്രഹങ്ങളെ നിയന്ത്രിക്കുവാനും അതേസമയം ബ്രഹ്മാവുമായി പൂർണ്ണ സംസർഗ്ഗത്തിൽ അനുഗ്രഹങ്ങളുടെ സമാപ്തിയിലേക്കും പൂർണ്ണതയിലേക്കും എത്തും എന്നുമാണ് വിശ്വാസം. അങ്ങനെ കളങ്കത്തിൽ നിന്നും മോചനം ലഭിക്കുന്ന മനസ്സ്, ആത്മാവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു ബ്രഹ്മാവുമായി സംയോജിപ്പിക്കുന്ന അതുല്യമായ അനുഭൂതിയും അനുഭവവുമാണ് യോഗയെന്നു പഠിപ്പിക്കുന്നു.

എവിടെയെങ്കിലും ഏകാന്തസ്ഥലത്ത് ഇരുന്നു ചിന്തകളെയും മനസ്സിനെയും നിയന്ത്രിക്കുവാൻ "ഓം"കാരം ഉച്ചരിച്ചു ബ്രഹ്മാവിനെ ധ്യാനിച്ചാൽ മനസ്സ് സ്വസ്ഥമാകും എന്നൊക്കെയാണ് ഇവർ പഠിപ്പിക്കുന്നത്. അദ്വൈത ചിന്തയുടെ ഉപജ്ഞാതാവായ കാലടി ശങ്കരാചര്യരുടെ തത്വശാസ്ത്രപ്രകാരം ബ്രഹ്മാവും ആത്മാവും ഒന്നാണ് എന്നത്രെ. ഇന്നത്തെ മതനേതാക്കളും ഗുരുക്കന്മാരും ആചാര്യന്മാരും



ജനങ്ങളെ ആകർഷിക്കുവാൻ യോഗ, ജീവനകല എന്നിങ്ങനെയുള്ള കർമ്മപരിപാടികൾ നടത്തി ജനങ്ങളെ വശീകരിക്കുകയും അവരെ സ്വാധിനിക്കുകയും ചെയ്യുകയാണ്, അതുകൊണ്ട് വിശ്വാസികൾ വളരെ കരുതലവുള്ളവരായിരിക്കണം, ഇങ്ങനെയുള്ള പരിപാടികളിൽ അറിഞ്ഞോ അറിയാതെയോ നാം പങ്കുചേരുകയാണെങ്കിൽ ഇതിൽ നിന്നും പുറത്ത് വരുവാൻ കഴിയുകയില്ല. അതുകൊണ്ട് വിശ്വാസികൾ ഇത്തരം പരിപാടികളിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കണം.

ഓർക്കുക, യോഗയിലെ ദൈവം ഒരു ശക്തി മാത്രമാണ്, പരാശക്തി, പരബ്രഹ്മം എന്നൊക്കെ പറയുന്നു. ഹിന്ദുത്വത്തിലെ ദൈവവിശ്വാസം ബഹുദൈവവിശ്വാസമാണ്. അവരെ സംബന്ധിച്ചു ഏത് ദൈവത്തിലും അവർക്കു വിശ്വസിക്കാം. ഇന്നത്തെ തിരക്കുപിടിച്ച ജീവിത യാത്രയിൽ മനസ്സിനും ആരോഗ്യത്തിനും കുളിർമ നൽകുവാൻ യോഗയ്ക്കു കഴിയും എന്നു പറയുമ്പോൾ തന്നെ അതിന്റെ ഉള്ളിൽ അപകടം പതിയിരിപ്പുണ്ട്. മനസ്സിനും ആശ്വാസം നൽകുന്ന വഴിയല്ല യോഗ. എന്നാൽ പരബ്രഹ്മത്തെ മനസ്സിലാക്കാനുള്ള മാനുഷിക ശ്രമമാണ് യോഗ. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മൂന്നു ഘടകങ്ങൾ നൽകി ദേഹം, ദേഹി, ആത്മാവ്, ദേഹവും ദേഹിയും ആത്മാവും വ്യത്യസ്തമാണ് ദേഹിയെയും ആത്മാവിനെയും വേർതിരിക്കുവാൻ കഴിയുകയില്ല, നിത്യതയിലേക്കു പോകുവാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അല്ലാതെ പരബ്രഹ്മത്തിൽ ലയിക്കാനല്ല. അറിവിന്റെ വൃക്ഷമാണ് യോഗയെന്നു പറയാം. ആരോഗ്യവും മനസ്സിനു സമാധാനം പ്രദാനം ചെയ്യും എന്നു പറയും. എന്നാൽ ഒരിക്കലും മനസ്സിനെ നിയന്ത്രിക്കുവാൻ കഴിയുകയില്ല. പൗലോസ് ശ്ലീഹ പറയുന്നത് ശരീരത്തെയും മനസ്സിനെയും പുതുക്കുകയെന്നത്രെ, റോമ:12:12, ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരു മാറ്റം ഉണ്ടാകണം.

യോഗയിലൂടെ പ്രതീക്ഷിക്കുന്നത് സ്വന്തപരിശ്രമങ്ങളിൽ കൂടെ; മനുഷ്യമനസ്സിന്റെ വികസനത്തിലൂടെ അഹം ബ്രഹ്മാസ്മി, (ഞാൻ ദൈവമാണ്) എന്ന സ്ഥിതിയിലേക്കുയർത്തുന്നതാണ്. അത് ഒരിക്കലും ക്രിസ്തീയ വിശ്വാസവുമായി യോജിക്കുവാൻ കഴിയുന്നതല്ല. ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തുവിലൂടെ രക്ഷ സാധ്യമാണ്, പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടെ ഒരു വ്യക്തിയിൽ രൂപാന്തരവും മാറ്റവും സംഭവിക്കുന്നു. ചിലർ ചിന്തിക്കുന്നത് എല്ലാ മതങ്ങളും ഒന്നിലേയ്ക്കാണ്, എല്ലാം ശരിയാണ്, നീയും ശരി, ഞാനും ശരി എന്ന തത്വമല്ല ഇവിടെ സ്വീകരിക്കുന്നത്. എല്ലാ മതങ്ങളും ഒന്നിലേക്കല്ല പോകുന്നത്. മതങ്ങൾ ദൈവത്തെ അന്വേഷിക്കുവാനുള്ള മനുഷ്യന്റെ വഴി എന്നു മാത്രം. എന്നാൽ ക്രിസ്തു മാർഗ്ഗം എന്നത് പിതാവിങ്കലേക്കുള്ള ഏകവഴിയാണ്. യിരമ്യാവ് പറയുന്നത്, ജാതികളുടെ വഴിപഠിക്കരുത്, ആകാശത്തിലെ ലക്ഷണങ്ങൾ കണ്ട് ഭ്രമിക്കരുത്, ജാതികൾ അല്ലോ അവ കണ്ട് ഭ്രമിക്കുന്നത്, യിരെ:10:2. യോഗ നല്ലതായി തോന്നും എന്നാൽ ഇതെല്ലാം പിശാച് ദൈവമക്കളെ വഴിതെറ്റിക്കുവാനും വിശ്വാസത്തിൽ നിന്നും പിൻതിരിപ്പിക്കുവാനും ലൗകീക സുഖസൗകര്യങ്ങൾ ഒരുക്കി പൂമെത്തയിൽ കിടത്തുകയാണ് ശ്രമിക്കുന്നത്. ഇതൊക്കെ ക്രൈസ്തവർ പരിശീലിപ്പിക്കുന്നത് ശക്തമായ വിശ്വാസത്തിനും ആരോഗ്യത്തിനും ആനന്ദത്തിനും ആത്മീകത്തിനും നല്ലതൊണെന്നു പറഞ്ഞു വഴിതെറ്റിക്കുകയാണ്, അതുകൊണ്ട് വിശ്വാസികൾ വളരെ ജാഗ്രത പുലർത്തുക പതിറ്റാണ്ടുകൾക്കു മുമ്പ് പശ്ചാത്യരാജ്യങ്ങളിൽ യോഗ മനസ്സിന്റെ നിയന്ത്രണത്തിനും സമാധാനത്തിനും സ്വച്ഛജീവിതത്തിനും പ്രയോജനകരമാണ് എന്നും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി അനേകായിരങ്ങൾ യോഗയിൽ ആകൃഷ്ടരായി എന്നാൽ പിൽക്കാലത്ത് അതിന്റെ അതിന്റെ ഭവിഷ്ത്തുകൾ അവർ അനുഭവിക്കേണ്ടി വന്നു, അത് പ്രതിബിംബിച്ചത് അവരുടെ പള്ളികളും കത്തീഡ്രലുകളും, അമ്പലങ്ങളും മുസ്ലീം ദേവാലയങ്ങളും മ്യൂസിയങ്ങളും ബാറുകളായും മാറി. ചുരുക്കത്തിൽ ധാർമ്മികപരമായും മതപരമായും വളരെ അധഃപതിച്ചു, ഒരുകാലത്ത് മ്ലേഛരമെന്നും അനാത്മീക്കമെന്നും കരുതിയതിനെ ക്രിസ്തീയ വിശ്വാസികൾ വാരിപ്പുണർന്നു ദൈവസഭയിൽ എല്ലാവിധ പഠിപ്പിക്കലുകളുടെയും വ്യാഖ്യാനങ്ങളുടെ വ്യാപാരകേന്ദ്രമായി മാറി. അതുകൊണ്ട് ദൈവസഭയെ ആകർഷിക്കുവാനും നശിപ്പിക്കുവാനും കൊണ്ടുവരുന്ന ഇത്തരം പ്രവണതകളെ ചെറുത്തു തോല്പിക്കുക. പിശാച് കൊണ്ടുവരുന്ന എല്ലാവിധ വശീകരണങ്ങളെയും മനസ്സിലാക്കുക. മനുഷ്യന്റെ നിത്യതയെ തെറ്റായി പഠിപ്പിക്കുന്ന ചില സിദ്ധാന്തങ്ങളെ നോക്കുക. ഗ്ലൂറലിസം, യൂണിവേഴ്സാലിറ്റി ഇൻക്ലൂസിവിസം, എക്സ്ക്ലൂസിവിസം എന്നിങ്ങനെ പഠിപ്പിക്കലുകൾ ദൈവസഭയിൽ കടന്നുവന്നു അരങ്ങു തകർക്കുയാണ്, ആകയാൽ എന്തുവന്നാലും കൂസാതെ ഒരു ശേഷിപ്പായി നിന്നു കൊണ്ട് വിശ്വാസത്തോടു മുന്നേറാം. യോഗ ഒരിക്കലും ദൈവമക്കൾക്കു യോജിച്ചതല്ല. (തുടരും..)

## ലേഖനം

# ഹാബേലിനു പകരം ശേത്ത്!



ഷൈജു ഡാനിയേൽ,
അടൂർ

ദൈവം പ്രസാദിക്കുന്ന ഒരുവനെ വേഗത്തിൽ നശിപ്പിച്ചു കളയാൻ എല്ലാ കാലഘട്ടങ്ങളിലും സാത്താന്യ സംഘങ്ങൾ ശക്തമായി രംഗത്തു വരാറുണ്ട്. കൊലപ്പെടുത്തി ഭൂമിക്കു മുകളിൽ നിന്നും പേരുമായിച്ചു കളയാൻ ഏതു ഹീനമായ തന്ത്രങ്ങൾ പ്രയോഗി ക്കുന്നതിനും മടിയില്ലാത്ത പൈശാചിക വക്താക്കൾ വാഴുന്ന ഒരു ലോകമാണ് നമുക്ക് ചുറ്റും കണ്ണുകൾ ഉയർത്തി നോക്കിയാൽ കാണുവാൻ കഴിയുന്നത്. ഒരാരാധനക്കാരനെയോ ദൈവം പ്രസാദിക്കുന്ന ഒരുവനെയോ നശിപ്പിക്കുന്നതിലൂടെയും കൊലപ്പെടുത്തുന്നതിലൂടെയും ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളെയും ദൈവീക ആരാധനയെയും ദൈവപ്രസാദമിറങ്ങുന്ന യാഗങ്ങളെയും തടയാം എന്ന ചിന്ത മൗഢ്യമാണ്!!

ദൈവസഭ പീഡന താഢനങ്ങളിലൂടെ വളർന്നുവന്നതാണ്. സാമ്രാജ്യങ്ങളും ഭരണ വർഗ്ഗവും ദൈവികതക്കും ദൈവസഭക്കും എതിരായി പ്രബലമായപ്പോഴും അതിജീവനത്തിന്റെ കരുത്തോടെ ദൈവരാജ്യത്തിന്റെ വ്യാപനം നമുക്ക് മുമ്പിൽ സാധ്യമായി!! അധിക്ഷേപങ്ങളും ആരോപണങ്ങളും അസത്യപ്രസ്താവനകളും ഉന്നയിച്ചു കുതന്ത്രങ്ങളിൽ കുടുക്കി ദൈവിക ശുശ്രൂഷയിൽ നിന്നും പടിയിറക്കാൻ ഇരുളിന്റെ അധികാരങ്ങൾ അഹോരാത്രം അദ്ധ്വാനിച്ചാലും, അത്യുന്നതന്റെ ദൃഷ്ടി പതിഞ്ഞവൻ, ഇവന്റെ യാഗത്തിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗം സാക്ഷ്യപ്പെടുത്തിയവൻ, താൻ നടത്തുന്ന യാഗങ്ങളിലൂടെ ക്രിസ്തുവിനെ പ്രദർശിപ്പിച്ചവൻ-അവൻ കൊലചെയ്യപ്പെട്ടാലും അവനു പകരക്കാരനായി ഒരുവനെ എഴുന്നേൽപ്പിച്ചു ദൈവം തന്റെ പദ്ധതികൾ തടസമില്ലാതെ തുടരുകതന്നെ ചെയ്യും!!

ഹാബേലിനെ കൊന്നാൽ അതോടുകൂടി ആരാധനയും യാഗാർപ്പണവും നിലക്കുമെന്ന കായീന്യവാദം ബാലിശമാണ്!! ഹാബേൽ മരിച്ചാൽ ദൈവം പ്രസാദിക്കുന്ന മറ്റൊരാധനക്കാരനെ ദൈവം ജനിപ്പിക്കും!! കയീൻ കൊന്ന ഹാബെലിനു പകരം ദൈവം എനിക്കു മറ്റൊരു സന്തതിയെ തന്നു എന്നു പറഞ്ഞു അവനു ശേത്ത് എന്നു പേരിട്ടു (ഉല്പത്തി 4:25). ഹാബേലിനു പകരം ഒരു ശേത്ത്!! കയീൻ മരിച്ചാൽ അവനു പകരമൊരു കയീൻ വീണ്ടും ജനിക്കണം എന്നില്ല!! പക്ഷെ ദൈവം പ്രസാദിച്ച ഒരു യാഗാർപ്പകൻ കൊല ചെയ്യപ്പെട്ടാൽ അവനു പകരം മറ്റൊരുവനെ ദൈവം ജനിപ്പിക്കും!! ഹാബെലിനെ കൊലപ്പെടുത്തി അവന്റെ കാലത്ത് തന്നെ ആരാധന നിർത്തലാക്കാം എന്ന് ധരിച്ചെങ്കിൽ തെറ്റി-ഹാബെലിനു പകരം ജനിച്ച ശേത്തിന്റെ മകൻ എനോശിന്റെ കാലത്ത് യഹോവയുടെ നാമത്തിൽ ആരാധന തുടങ്ങി!! (4:25) ഹാബെലിനു പകരം ജനിക്കാൻ ഒരു ശേത്തുണ്ടെങ്കിൽ ആരാധനയും യാഗാർപ്പണവും യഹോവയ്ക്കുള്ള വഴിപാടുകളും നിർബാധം തുടരും!!

നമ്മുടെ പിതാക്കന്മാരുടെ കാലത്ത് ഇന്നിന്നതൊക്കെ ഉണ്ടായിരുന്നു...ഇന്ന് അതൊക്കെ നിലച്ചു പോയിരിക്കുന്നു എന്ന വിലാപം ആവർത്തിക്കപ്പെടുന്നത്, ദൈവികതയ്ക്കും ആത്മീകതയ്ക്കും അവർ കൊടുത്ത വില നമുക്ക് ഇന്ന് കൊടുക്കാൻ കഴിയുന്നില്ല എന്നതിന്റെ തെളിവാണ്!! അവർക്ക് പകരം ജനിക്കാൻ, അവരുടെ ദർശനങ്ങൾക്ക് പകരം നമ്മിൽ ആ ദർശനങ്ങൾ ജനിക്കുവാൻ അനുവദിച്ചാൽ, അവരുടെ കാലത്ത് സംഭവിച്ചത് ഈ തലമുറയിലും സംഭവിക്കും!! പൂർവ്വികന്മാരുടെ അമൂല്യമായ സമർപ്പണത്തിനു മുമ്പിൽ ആയിരുന്നു അസാധാരണമായ ദൈവിക പ്രവർത്തികൾ സംഭവിച്ചത്. അത്തരത്തിൽ ദൈവപ്രസാദം ഇറങ്ങത്തക്ക നിലകളിൽ ഉള്ള സമർപ്പണവും വിധേയത്വവും നമ്മിൽ നിന്നും ഉത്ഭവിക്കാത്തപക്ഷം, പണ്ടൊക്കെ നമുക്കിടയിൽ നടന്നിരുന്ന വിടുതലുകളും ദൈവിക പ്രവർത്തികളും നാം വീണ്ടും പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല!! കുലചെയ്യപ്പെടുന്നതിനു പകരം ജനിക്കാൻ, ഇന്നലകളിൽ ക്രിസ്തുവിന്റെ ബലിമരണത്തെ പ്രദർശിപ്പിച്ചു യാഗങ്ങൾ നടത്തിയ ഹാബേൽ സമാന വിശുദ്ധന്മാരെ പിന്തുടരാൻ-നാം തയ്യാറാകേണ്ടതുണ്ട്!! പക്ഷെ ഹാബെലിനു പകരം ജനിക്കാൻ ഒരു ശേത്ത് ഇന്ന് എവിടെ...?? കഴിഞ്ഞുപോയ തലമുറകളിൽ ദൈവം പ്രസാദിച്ചവനെ മാതൃകയാക്കാൻ, അവനെ അനുകരിപ്പാൻ, അവനു പകരക്കാരനാകാൻ നാം തയ്യാറാകുമെങ്കിൽ നമ്മുടെ കണ്ണുകൾ കൊണ്ട് തന്നെ ദൈവപ്രവർത്തിയുടെ നല്ല തുടക്കങ്ങൾ (ശേത്തിന്റെ മകൻ എനോശിന്റെ കാലത്ത് യഹോവയുടെ നാമത്തിൽ ആരാധന തുടങ്ങി) കാണുവാൻ ദൈവം അവസരം നല്കും!!

# ഐ. പി. സി. ജനറൽ കൗൺസിൽ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുത്തു

**കുമ്പനാട്:** ഐ. പി. സി. ജനറൽ കൗൺസിൽ വിവിധ ബോർഡ് അംഗങ്ങളെ തെരഞ്ഞെടുത്തു. പ്രയർ ബോർഡ് പാസ്റ്റർ ജേക്കബ് ജോൺ (എക്സിക്യൂട്ടീവ് ചെയർമാൻ), പാസ്റ്റർ ജേക്കബ് ജോർജ്ജ് (കൺവീനർ), പാസ്റ്റർമാരായ വർഗീസ് മാത്യു (കേരള), കെ. കെ. ജോർജ്ജ്, വി. ജി. തോമസ്കുട്ടി, ജോർജ്ജ് ഡാനിയേൽ (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു. ചാരിറ്റി ബോർഡ് അംഗങ്ങളായി പാസ്റ്റർ ജോൺ സാമുവേൽ (ചെയർമാൻ), ബ്രദർ നൂൺ കുരുവിള (കൺവീനർ), ബ്രദർ വൈ. തങ്കച്ചൻ, ബ്രദർ വർഗീസ് ചാക്കോ, പാസ്റ്റർ ഷാജി ഡാനിയേൽ (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു. മിഷൻസ് ബോർഡ് അംഗങ്ങളായി പാസ്റ്റർ തോമസ് ഫിലിപ്പ് (എക്സിക്യൂട്ടീവ് ചെയർമാൻ), ബ്രദർ നോബിൾ ജോൺ (ചെയർമാൻ), പാസ്റ്റർ ജോർജ്ജ് വർഗീസ് (കൺവീനർ), ബ്രദർ വർക്കി എബ്രഹാം, പാസ്റ്റർ ജിജി പോൾ, ബ്രദർ ഫിന്നി ചെറിയാൻ (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു. എഡ്യൂക്കേഷൻ ബോർഡ് അംഗങ്ങളായി ബ്രദർ വർക്കി ഏബ്രഹാം (ചെയർമാൻ), ബ്രദർ സാം ഏബ്രഹാം (കൺവീനർ), ബ്രദർ ജോർജ്ജ് മത്തായി(ജോയിന്റ് കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു. പബ്ലിക്കേഷൻ ബോർഡ് അംഗങ്ങളായി പാസ്റ്റർ കെ. സി. ജോൺ (എക്സിക്യൂട്ടീവ് ചെയർമാൻ), ബ്രദർ എം. വി. ഫിലിപ്പ് (കൺവീനർ), ബ്രദർമാരായ കുര്യൻ ജോസഫ്, എബ്രഹാം പി. ഏബ്രഹാം, സജി വെൺമണി, ജോർജ്ജ് മത്തായി സിപിഎ (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു. പീസ് & ജസ്റ്റീസ് ബോർഡ് അംഗങ്ങളായി പാസ്റ്റർ വിൽസൺ ജോസഫ് (എക്സിക്യൂട്ടീവ് ചെയർമാൻ), പാസ്റ്റർ തോമസ് ജോർജ്ജ് (ചെയർമാൻ), പാസ്റ്റർ കുര്യൻ മാത്യു (കൺവീനർ), അഡ്വ. ജോൺസൺ കെ. ശമുവേൽ, ബ്രദർ സാം കുഴിക്കാല, പാസ്റ്റർ ജെയിംസ് ചാക്കോ, പാസ്റ്റർ പി. എ. ജോർജ്ജ് (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു. ഭരണഘടനാ ഭേദഗതി ബോർഡ് അംഗങ്ങളായി പാസ്റ്റർ കെ. സി. ജോൺ (എക്സിക്യൂട്ടീവ് ചെയർമാൻ), പാസ്റ്റർ ജോസഫ് വില്യംസ് (ചെയർമാൻ), പാസ്റ്റർ ബേബി വർഗീസ് (കൺവീനർ), പാസ്റ്റർ സണ്ണി ഫിലിപ്പ് (കോ-കൺവീനർ), പാസ്റ്റർ കിംഗ്സ്ലി ചെല്ലൻ (അംഗം) എന്നിവരെ തെരഞ്ഞെടുത്തു. തിയോളജിക്കൽ ബോർഡ് അംഗങ്ങളായി ബ്രദർ കെ. പി. തോമസ് (ചെയർമാൻ), പാസ്റ്റർ അലക്സ് വെട്ടിക്കൽ (കൺവീനർ), അഡ്വ. ജോൺസൺ കെ. ശമുവേൽ, ബ്രദർ സാം കുഴിക്കാല, ബ്രദർ എബി പെരുമ്പട്ടി (അംഗം) എന്നിവരെ തെരഞ്ഞെടുത്തു. ലീഗൽ ബോർഡ് അംഗങ്ങളായി ബ്രദർ സജി പോൾ (എക്സിക്യൂട്ടീവ് ചെയർമാൻ), അഡ്വ. ജോൺസൺ കെ. ശമുവേൽ (കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു.

# ഐ.പി. സി. കുവൈറ്റ് റീജിയന് പുതിയ ഭാരവാഹികൾ



പാസ്റ്റർ എം. എ. തോമസ്



പാസ്റ്റർ ബിനു തോമസ്



ബ്രദർ ജേക്കബ് മാമ്മൻ

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ റീജിയൻ ഭാരവാഹികളായി പാസ്റ്റർ എം. എ. തോമസ് (പ്രസിഡന്റ്), പാസ്റ്റർ പി. എസ്. പ്രിൻസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ബിനു തോമസ് (സെക്രട്ടറി), പാസ്റ്റർ ജയരാജ് എം, ബ്രദർ ജോസ് കെ. വർഗീസ് (ജോ.സെക്രട്ടറിമാർ), ബ്രദർ ജേക്കബ് മാമ്മൻ (ട്രഷറർ), തോംസൺ കെ. വർഗീസ് (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു. പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എം.എ. തോമസ് ഐ.പിസി -പിസികെ സഭയുടെ ശുശ്രൂഷകനാണ്. മലബാർ പെരിന്തൽമണ്ണ സ്വദേശിയായ ഇദ്ദേഹം മികച്ച സംഘടകനും അദ്ധ്യാപകനും പ്രഭാഷകനുമാണ്.

ഒക്ടോബർ 19-ന് അബ്ബാസിയ ഐപിസി കെപിഎ പ്രയർ ഹാളിൽ നടന്ന റീജിയൻ ജനറൽ ബോഡി യോഗമാണ് അടുത്ത മൂന്ന് വർഷത്തേക്കുള്ള കൗൺസിലിനെ തിരഞ്ഞെടുത്തത്. റീജിയൻ ആക്ടിംഗ് പ്രസിഡന്റ് ആയിരുന്ന പാസ്റ്റർ വി.പി. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. സൺഡേസ്കൂൾ - പി. വൈ. പി. എ ജോയിന്റ് കൗൺസിൽ രക്ഷാധികാരിയായി സാം പനച്ചയിലും മിഷൻ കൺവീനർ ആയി പാസ്റ്റർ സാമുവേൽക്കുട്ടി എം, ജോ. കൺവീനറായി ബ്രദർ ജേക്കബ് തോമസ്, റീജിയൻ വാർത്താ പത്രികയായ ഡെസേർട് ഹെറാൾഡിന്റെ ചീഫ് എഡിറ്റർ ആയി ഇവാ. രജി പി. ജോർജ്, എഡിറ്ററായി ബ്രദർ എം. ജി. മാത്യൂസ് എന്നിവരെ തെരഞ്ഞെടുത്തു. ജനറൽ കൗൺസിൽ അംഗങ്ങളായി പാസ്റ്റർ എബ്രഹാം ജോർജ്, ബ്രദർ ചെറിയാൻ ജോർജ് എന്നിവർ തുടർന്നും പ്രവർത്തിക്കും.

2004-ൽ രൂപീകൃതമായ ഐ.പി. സി. കുവൈറ്റ് റീജിയൻ ഒരു ദശാബ്ദം പിന്നിട്ടപ്പോൾ നൂറ് കണക്കിന് വിശ്വാസികളുമായി വളർച്ചയുടെ പാതയിലാണ്. ഉത്തർപ്രദേശ് ആഗ്ര ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷമായി 5 മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നു. ഇന്ത്യ ബൈബിൾ കോളേജ് ആൻഡ് സെമിനാരിയുടെ അഫിലിയേഷനോട് കൂടെ ഒരു ബൈബിൾ സ്കൂളിന്റെ പ്രവർത്തനവും നടന്നു വരുന്നു. റീജിയനിലെ സഭകളുടെ ഈ വർഷത്തെ സംയുക്ത ആരാധന ഡിസംബറിൽ നടക്കും.

# പാസ്റ്ററുടെ മകൻ ബൈക്ക് അപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു



**അഞ്ചൽ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ആയൂർ സെന്ററിലെ ശുശ്രൂഷകൻ പാസ്റ്റർ ടി.കെ. അലക്സാണ്ടറിന്റെ മകൻ റോബർട്ട് അലക്സാണ്ടർ (റോബിൻ-29) ബൈക്ക് അപകടത്തിൽ നിത്യതയിൽ ചേർക്കപ്പെട്ടു. ഒക്ടോബർ 17 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടരയോടെ അഞ്ചൽ-ആയൂർ റോഡിൽ സിവിൽ സ്റ്റേഷന് സമീപമായിരുന്നു അപകടം. പെട്രോൾ പമ്പിൽ നിന്നും ബൈക്കിൽ റോഡിലേക്ക് ഇറങ്ങുമ്പോൾ വേഗത്തിൽ വന്ന കാർ ഇടിച്ച് ലോറിക്ക് അടിയിലേക്ക് വീണാണ് അപകടം സംഭവിച്ചത്. ഗുരുതരമായി പരുക്കേറ്റ റോബിനെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചു.

കൊട്ടാരക്കര, പുനലൂർ, അഞ്ചൽ, ആയൂർ സെന്ററുകളിൽ 35 വർഷമായി ശുശ്രൂഷയിലായിരുന്ന പിതാവിനൊപ്പം സഭാപ്രവർത്തനങ്ങളിലും യുവജനപ്രവർത്തനങ്ങളിലും സജീവമായിരുന്നു റോബിൻ. ആയൂർ സെന്ററിലെ കാട്ടുവാമുക്ക് സഭയിലാണ് ഇപ്പോൾ പിതാവ് ശുശ്രൂഷിക്കുന്നത്. അഞ്ചലിൽ ഇലക്ട്രിക്കൽ സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു. വൈ. പി. ഇ. കൊട്ടാരക്കര മേഖല കോർഡിനേറ്ററും ചർച്ച് ഓഫ് ഗോഡ് ചണ്ണപ്പേട്ട സഭാംഗവുമായിരുന്നു.

മാതാവ്: തങ്കമണി അലക്സാണ്ടർ (ഐ.പി.സി സോദരീ സമാജം, കൊട്ടാരക്കര മേഖല മുൻ സെക്രട്ടറി.) സഹോദരങ്ങൾ: ടൈറ്റസ്, ടോം.

അനേകം വിശ്വാസികളുടെയും പാസ്റ്റർമാരുടെയും സാന്നിധ്യത്തിൽ ഐ.പി.സി ചണ്ണപ്പേട്ട കർമ്മേൽ സഭയുടെ സെമിത്തേരിയിൽ ഒക്ടോബർ 19 ന് സംസ്കരിച്ചു.

പാസ്റ്റർ വർഗീസ് മത്തായി സംസ്കാരശുശ്രൂഷ നടത്തി. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർമാരായ വൈ. റെജി, ഷിജു പി.എസ്., ഏബ്രഹാം ജോർജ്, റ്റി.ഇ. വർഗീസ്, സി.വി. തോമസ്, ജോസ് കെ. ഏബ്രഹാം, ജി. തോമസ്കുട്ടി, തോമസ് മാത്യു, എഫ്. രാജൻ, ബെൻസ് ഏബ്രഹാം, ജോസഫ് മാത്യു, ജോർജ് രാജൻ, ഐ.പി.സി. സൺഡേസ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ സാം വർഗീസ്, പി.എം. ഫിലിപ്പ്, ജോജി ഐപ്പ് മാത്യൂസ്, സണ്ണി മുളമൂട്ടിൽ, കെ. പി. തോമസ്, സാം സി. ദാനിയേൽ, ജെയിംസ് ജോർജ്, ജോൺസൺ കെ. സാമുവൽ, രാജൻ ഏബ്രഹാം തുടങ്ങിയവർ പ്രത്യാശാവാക്കുകൾ പറഞ്ഞു. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരും പങ്കെടുത്തു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ് ഭവനത്തിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.



# പാസ്റ്റർ എം. ജി. ജോൺസന് യാത്രയയപ്പ് നൽകി



**ന്യൂയോർക്ക്:** ന്യൂയോർക്ക് പാസ്റ്ററൽ പ്രയർ ഫെലോഷിപ്പ് അംഗവും എൽമോണ്ട് ശാലേം അസംബ്ലിസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനുമായ പാസ്റ്റർ എം. ജി. ജോൺസൻ ന്യൂയോർക്കിലെ സ്തുത്യർഹമായ സഭാ സേവനത്തിനു ശേഷം, ചിക്കാഗോയിലേക്കു മാറി പോകുന്ന സാഹചര്യത്തിൽ, ന്യൂയോർക്ക് പാസ്റ്ററൽ പ്രയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ യാത്ര അയപ്പ് നൽകി.

മികവുറ്റ സംഘാടകനും, തികഞ്ഞ ആത്മീയനും, ഉർജസ്വലതയോടുകൂടി, പ്രതിഫലേച്ഛകൂടാതെ ശുശ്രൂഷിക്കുകയും ചെയ്യുന്ന പാസ്റ്റർ എം. ജി. ജോൺസൺ പാസ്റ്ററൽ ഫെലോഷിപ്പിനു വലിയ അനുഗ്രഹം തന്നെയായിരുന്നു എന്ന് മറ്റു അംഗങ്ങൾ പ്രസ്താവിക്കുകയും തന്റെ സേവനങ്ങളെ പ്രകീർത്തിക്കുകയും ഉണ്ടായി. ഉപദേശ ഐക്യമുള്ള ശുശ്രൂഷകർ ഒന്നിച്ചു കൂടി വന്നു പ്രാർത്ഥിക്കുന്ന ഒരു ആത്മീയ പ്രവർത്തനമാണ് ഈ കൂട്ടായ്മ ന്യൂയോർക്കിൽ നടന്നു വരുന്നു. യൗവ്വനക്കാരുടെ ഒരു പ്രത്യേക കൂടി വരവും, പ്രയർ ലൈൻ പ്രയറും ഫെലോഷിപ്പിന്റെ നിയന്ത്രണത്തിൽ നടന്നു വരുന്നു.

പാസ്റ്റർമാരായ ബാബു തോമസും, ജേക്കബ് ജോർജും ഫെലോഷിപ്പിന്റെ ഏകോപകരായി പ്രവർത്തിച്ചു വരുന്നു.

# റീജിയൻ മീറ്റിംഗും അറ്റ്ലാന്റാ ഐ.പി.സി വാർഷിക കൺവൻഷനും സമാപിച്ചു



**അറ്റ്ലാന്റാ:** ഐ.പി.സി. സൗത്ത് ഈസ്റ്റ് റീജിയൻ മാസയോഗവും, അറ്റ്ലാന്റാ ഐ.പി.സി വാർഷിക കൺവൻഷനും ഒക്ടോബർ 22-ാം തിയതി അറ്റ്ലാന്റാ ഐ.പി.സി ചർച്ചിൽ വെച്ച് നടന്നു. ശനിയാഴ്ച്ച രാവിലെ 10 മണിക്കാരംഭിച്ച റീജിയന്റെ ആദ്യത്തെ മാസയോഗം ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോയി ഏബ്രഹാം (ഫ്ളോറിഡ), ഡോ. ജെ. വർഗീസ് (ഐ.സി.പി.എഫ്, ഇന്ത്യ) എന്നിവർ പ്രസംഗിച്ചു. ഐ.പി.സി അഗസ്റ്റ സഭാ ശുശ്രൂഷകനും, ഐ.പി.സി യു.പി. സ്റ്റേറ്റ് പ്രസിഡന്റുമായ പാസ്റ്റർ ജോർജ്ജ് വർഗീസ് (രാജൻ അഗസ്റ്റ) ആശംസ അറിയിച്ചു. ജോർജിയയുടെ വിവിധ പട്ടണങ്ങളിൽ നിന്നും ടെന്നസിയിൽ നിന്നും അനേകർ പങ്കെടുത്തു. റീജിയൻ സെക്രട്ടറി പാസ്റ്റർ വി.പി. ജോസ് നന്ദിയും ഐ.പി.സി ജനറൽ കൗൺസിൽ അംഗം ബ്രദർ രാജൻ ആര്യപ്പള്ളിൽ സ്വാഗതവും അറിയിച്ചു. വൈകിട്ട് നടന്ന അറ്റ്ലാന്റാ ഐ.പി.സി വാർഷിക കൺവൻഷന് ഡോ. ജോയി ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ, ഡോ. ജെ വർഗീസ് എന്നിവർ മുഖ്യ പ്രസംഗം നൽകി. അറ്റ്ലാന്റാ, ടെന്നസി, ഫ്ളോറിഡ എന്നീ സ്ഥ ലങ്ങളിൽ നിന്നുള്ളവരെ കൂടാതെ അറ്റ്ലാന്റാ ലോക്കൽ സഭകളിലുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു. അറ്റ്ലാന്റാ ഐ.പി.സി സെക്രട്ടറി ബ്രദർ ഏബ്രഹാം തോമസ് കൃതജ്ഞത അറിയിച്ചു.

# ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ കൺവൻഷൻ 2017 ജനുവരി 12 മുതൽ 15 വരെ



**പത്തനാപുരം:** ഗോസ്പൽ അസംബ്ലി 27-മത് ജനറൽ കൺവൻഷൻ 2017 ജനുവരി 12 മുതൽ 15 വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്നതായിരിക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ആകമാനം പടർന്നു കിടക്കുന്ന സഭയുടെ ആയിരങ്ങൾ പങ്കെടുക്കുന്ന പത്തനാപുരത്തെ ഏറ്റവും വലിയ ആത്മീയ സംഗമം ആയ ഈ മഹായോഗത്തിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ജനറൽ സെക്രട്ടറി പാസ്റ്റർ എം. ഒ. അനിയന്റെ നേതൃത്വത്തിൽ വിവിധ സെക്ഷൻ പ്രസ്ബിറ്റർമാരുടെ ചുമതലയിൽ നടന്നു വരുന്നു.

സഭാ ഓവർസീയർ ഡോ. ജോയി പി. ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ സാം ജോർജ്ജ്, മോനീസ് ജോർജ്, ബി. വർഗീസ്, രവി മണി തുടങ്ങിയവർ ദൈവവചന പ്രഘോഷണം നിർവ്വഹിക്കും.

വ്യാഴാഴ്ച രാവിലെ 10.30ന് ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനത്തോടെ ആരംഭിക്കുന്ന യോഗം ഞായറാഴ്ച സഭായോഗത്തോടും കർത്തൃമേശയോടും കൂടി സമാപിക്കും. പകൽ മീറ്റിംഗുകളിൽ പാസ്റ്റർമാരായ അലക്സാണ്ടർ ഉമ്മൻ, സി. കെ. മാത്യു, ഏ.ജെ. ചാക്കോ, എം.ഒ. അനിയൻ, പി.റ്റി. മാത്യു, മിസ്സിസ് ഗ്രെയ്സ് ഉമ്മൻ തുടങ്ങിയവർ ശുശ്രൂഷിക്കും. ശനിയാഴ്ച രാവിലെ 9 മണിക്ക് സ്നാന ശുശ്രൂഷയും 10 മുതൽ സഹോദരീസമ്മേളനവും നടക്കും. സഹോദരി സമ്മേളനത്തിൽ മിസിസ്സ് ഗ്രെയ്സ് ഉമ്മൻ മുഖ്യ സന്ദേശം നൽകും. സഹോദരിമാരായ വത്സമ്മ മാത്യു, സൂസൻ അനിയൻ, ഏലിയാമ്മ ജോർജ് തുടങ്ങിയവർ നേതൃത്വം നൽകും. ഉച്ചയ്ക്ക് 3 മുതൽ സഭയുടെ സണ്ടേസ്കൂൾ - യുവജന സമ്മേളനം നടക്കും. പാസ്റ്റർമാരായ ബിജു മാത്യു, ഷിജു സി. ആർ, ബോവസ്, രാജീവ് തുടങ്ങിയവർ നേതൃത്വം നൽകും. കാൽവറി വോയ്സ് ഈ യോഗങ്ങളിൽ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

01 ↶ ജാർഖണ്ഡിൽ സന്നദ്ധ....

ക്രിസ്ത്യൻ സാമൂഹ്യപ്രവർത്തകരെ അപമാനിച്ചുകൊണ്ടുള്ള മുഖ്യമന്ത്രി ദാസിന്റെ പ്രസ്താവന പിൻവലിക്കണം എന്ന് അവർ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പ്രയോഗിച്ച ഭാഷ തന്റെ സ്ഥാനത്തിന് ചേർന്നതല്ല എന്ന് സംഘടന കുറ്റപ്പെടുത്തി.




## ചോദ്യോത്തരവേദി

# പശുമാംസം ഭക്ഷിക്കാമോ?

*ചോദ്യം:* തീവ്രഹിന്ദുത്വവാദികളുടെ നേതാക്കൾ, ഇൻഡ്യയിലെ ജനങ്ങൾ പശുമാംസം ഭക്ഷിക്കുന്നത് നിരോധിക്കണമെന്ന് അവരുടെ അടിസ്ഥാന ഗ്രന്ഥമായ **'മനുസ്മൃതി'** പ്രകാരം ആഗ്രഹിക്കുന്നതെന്ന് പത്രങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു. 'മനുസ്മൃതി'യിൽ പശുമാംസത്തെക്കുറിച്ച് പരാമർശമുണ്ടോ? അഹിംസ പഠിപ്പിച്ച ഗാന്ധിജിയുടെ രീതിയനുസരിച്ച് ഒന്നിനെയും കൊല്ലാതിരിക്കുന്നതല്ലേ നല്ലത്? ക്രിസ്തീയ വിശ്വാസപ്രകാരം എന്തും ഭക്ഷിക്കാമെന്ന് അനുവാദമുള്ള ക്രിസ്ത്യാനികൾ എന്തു ചെയ്യും? - **പീറ്റർ, തിരുവല്ല**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ഉത്തരം:* തീവ്രഹിന്ദുത്വവാദികളുടെ വിശ്വാസമനുസരിച്ച് അവർ ആദ്യഗുരുവായി (പിതാവായി) കണക്കാക്കുന്ന **മനു** അഥവാ **മനാവാചാര്യൻ** സമൂഹജീവിതത്തിനുവേണ്ടി രൂപ കൽപ്പന ചെയ്ത നീതിനിയമങ്ങളുടെ സമാഹാരമാണ് മനുസ്മൃതി. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്ര വിഭാഗങ്ങൾ നിലനിന്നിരുന്ന കാലത്ത് അവർക്കുവേണ്ടി എഴുതിയതാണ് മനുസ്മൃതി. ഇപ്പോഴത്തെ ഭൂരിഭാഗം വരുന്ന ഹിന്ദുക്കൾ മനുസ്മൃതിയെക്കുറിച്ച് കേട്ടിട്ടുപോലുമില്ല.

മനുസ്മൃതിയിൽ പന്ത്രണ്ട് അദ്ധ്യായങ്ങളുണ്ട്. ആദ്യത്തെ പതിനൊന്ന് അദ്ധ്യായങ്ങളിൽ ലൗകികമായ കാര്യങ്ങളെപ്പറ്റിയും പന്ത്രണ്ടാമത്തെ അദ്ധ്യായത്തിൽ ആത്മസാക്ഷാത്ക്കാരത്തിനും മോക്ഷപ്രാപ്തിക്കുമുള്ള ഉപാധികളും നിർദ്ദേശിക്കുന്നു. അഞ്ചാമത്തെ അദ്ധ്യായത്തിൽ 27 മുതൽ 56 വരെയുള്ള ശ്ലോകങ്ങൾ ഭക്ഷണക്രമത്തെക്കുറിച്ച് മാത്രമാണ് സൂചിപ്പിക്കുന്നത്. മനുസ്മൃതി പ്രകാരം ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം ജീവികളുടെ ഭക്ഷണമാണ്. സഞ്ചരിക്കുന്ന മാൻപോലെയുള്ള മൃഗങ്ങൾക്ക് സഞ്ചരിക്കാത്ത പുല്ലുകളും, ദംഷ്ടയുള്ള (കൂർത്ത അണപ്പല്ലുള്ള) ജീവികൾക്ക് ദംഷ്ടയില്ലാത്ത ജീവികളും കൈയുള്ള മനുഷ്യർക്ക് കൈയില്ലാത്ത പക്ഷി-മത്സ്യ-മൃഗാദികളും ശൗര്യമുള്ള ജീവികൾക്ക് ഭീരുക്കളായ ജീവികളും ഭക്ഷ്യയോഗ്യമാണ്. മന്ത്രം ജപിച്ചശേഷം യജ്ഞത്തിൽ ഹോമിക്കപ്പെട്ട പശു മുതലായവയുടെ മാംസം ബ്രാഹ്മണന് വേണമെങ്കിൽ കഴിക്കാം. യജ്ഞത്തിനുവേണ്ടി വിധിപ്രകാരം തയ്യാറാക്കിയ മാംസം കഴിക്കുന്നതിൽ തെറ്റില്ല. വിധികൾ അറിയുന്ന ബ്രാഹ്മണൻ ആപത്തുകാലമല്ലെങ്കിൽ ദേവന്മാർക്കോ പിതൃക്കൾക്കോ സമർപ്പിക്കാത്ത മാംസം കഴിക്കരുതെന്ന് നിർദ്ദേശിക്കുന്നു. ബ്രഹ്മാവ് യജ്ഞത്തിനായി സൃഷ്ടിച്ചവയാണ് പശുക്കൾ. യജ്ഞമാകട്ടെ, സകല ജീവജാലങ്ങളുടെയും ഐശ്വര്യത്തിനു വേണ്ടിയാണ്. അതുകൊണ്ട് യജ്ഞവേദിയിലെ ഗോവധം പാപമല്ല. യാഗത്തിൽ കൊല്ലപ്പെടുന്ന മൃഗങ്ങൾ ഉൽകൃഷ്ടജാതിയിൽ പുനർജനിക്കും. ഇങ്ങനെ പോകുന്ന മനുസ്മൃതിയിലെ ഭക്ഷണക്രമ ആചാരങ്ങളും വിധികളും.

അഹിംസ പഠിപ്പിച്ച ഗാന്ധിമാർഗ്ഗം പിന്തുടരാമെങ്കിൽ ഒന്നിനെയും കൊല്ലരുതെന്നുള്ള തത്വം ഒരു മൃഗത്തിൽ മാത്രം എന്തിന് കേന്ദ്രീകരിക്കുന്നു? കോഴിക്കും ആടിനും പോത്തിനും പന്നിക്കും ജീവനില്ലേ? വെള്ളത്തിൽ തുള്ളിക്കളിച്ച് ജീവിക്കുന്ന കോടാനുകോടി മത്സ്യങ്ങളുടെ ജീവൻ സംരക്ഷിക്കണ്ടേ? വെള്ളം തിളപ്പിക്കുമ്പോൾ അതിലെ കോടിക്കണക്കിന് സൂക്ഷ്മജീവികൾ മരിക്കുന്നില്ലേ? കൃഷി നശിപ്പിക്കുന്ന എലിയെ കൃഷിക്കാരൻ കൊല്ലുന്നത് തെറ്റല്ലേ? കൊതുകിനെയും മൂട്ടയേയും കൊല്ലാമോ? നാഗാലാൻഡിലും മിസ്സോറാമിലും പട്ടിയെ കൊന്നു ഭക്ഷിക്കുന്നത് തെറ്റല്ലേ? ജീവനുള്ള മരങ്ങൾ മുറിക്കുമ്പോൾ അവ കരയുന്നില്ലേ? പശുവിന്റെ പാൽ കറന്നെടുക്കുന്നത് അധാർമ്മികമല്ലേ? സത്യത്തിൽ പശുവിന്റെ പാൽ അതിന്റെ കുട്ടിയ്ക്ക് മാത്രം അർഹതപ്പെട്ടതല്ലേ!

വനത്തിലാണെങ്കിൽ എലിയും മുയലും മാനും പെട്ടെന്ന് പെറ്റ് പെരുകുന്നത് എന്തു കൊണ്ടാണെന്ന് മനസ്സിലായിട്ടുണ്ടോ? കടലിലാണെങ്കിൽ മത്തി, അയല, കിളിമീൻ ഒരു വർഷത്തെ ആയുസ്സോടുകൂടി ഇവ ധാരാളമായി ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലായിട്ടുണ്ടോ? മാംസഭക്ഷണക്കാർക്ക് വേണ്ടിയാണെന്ന് മനസ്സിലാവുന്നതോടുകൂടി നമ്മുടെ ഈ പ്രശ്നങ്ങളെല്ലാം തീരും.

വികസിത രാജ്യങ്ങളിലെ ജനങ്ങൾ സ്വന്തം മക്കളേക്കാൾ കൂടുതൽ സ്നേഹിക്കുന്നത് വളർത്തുമൃഗങ്ങളെയാണ്. വാലാട്ടി നിൽക്കുന്ന പട്ടിയേയും പൂച്ചയേയും പന്നിയേയും അവർ കൂടുതൽ കരുതുന്നു. സ്വന്തമായ അഭിപ്രായമുള്ള മക്കളെ അവർ ശത്രുക്കളായി കാണുന്നു. മനുഷ്യനെ മനുഷ്യനായി കാണുകയും പട്ടിയെ പട്ടിയായും പാമ്പിനെ പാമ്പായും എലിയെ എലിയായും കണ്ടാൽ നമ്മുടെ മിക്ക പ്രശ്നങ്ങളും തീരും. വേറെ എന്തെല്ലാം ഗുരുതരമായ പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഭീകരവാദം, പെൺവാണിഭം, ഗുണ്ടാസംഘങ്ങൾ, കള്ളനോട്ട് വ്യാപാരം, വിവിധ മാഫിയാകൾ, കൈക്കൂലി, സ്വജനപക്ഷപാതം, മയക്കുമരുന്ന് വ്യാപാരം, കൊലപാതകം, ഭവനഭേദനം, പരിസര മലിനീകരണം തുടങ്ങിയവ. ഇവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് പകരം സിനിമാ ടിക്കറ്റ് കരിഞ്ചന്തയിൽ വിറ്റത്, 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കൂടിൽ പച്ചക്കറി വാങ്ങി വീട്ടിൽ കൊണ്ടു പോയത്, വഴിവക്കിലിരുന്ന് ബീഡി വലിച്ചത്, ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്തവ മുതലായവരെ പിടിക്കാൻ ഹൈവേ പോലീസ് 80 കി.മീറ്റർ സ്പീഡിൽ യാത്ര ചെയ്യുന്നു. ഭക്ഷണം പാകം ചെയ്ത് പോത്താണോ പശുവാണോ എന്ന് പരിശോധിക്കാൻ ഫോറൻസിക് ലാബുകാർ വീട്ടിലും കാന്റീനിലും വരുന്നു. നമ്മൾ ഏതു കാലഘട്ടത്തിലാണ് ജീവിക്കുന്നതെന്ന് ഇടയ്ക്ക് ചിന്തിച്ചു ചിരിച്ചു പോകുന്നു.

ഭാരതത്തിലെ നിലവിലുള്ള ഭരണഘടന അനുസരിച്ച് നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ ഒരാളുടെ ജീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ ആർക്കും അവകാശമില്ല. മറിച്ച്, ഏതു വിധേനയും അവ സംരക്ഷിക്കാൻ ഭരണഘടനയെ തൊട്ട് സത്യം ചെയ്ത് അധികാരത്തിലേറിയ ഏത് ജനാധിപത്യ സർക്കാരിനും ഉത്തരവാദിത്വം ഉണ്ടുതാനും. അല്ലാതെ ജനങ്ങൾ എങ്ങനെ ജീവിക്കണം എവിടെ ജീവിക്കണം, എന്ത് ഭക്ഷണം കഴിക്കണം. ഏത് വസ്ത്രം ധരിക്കണം, ആരെ വിവാഹം കഴിക്കണം എന്നൊന്നും കല്പിക്കാൻ ഒരു നേതാവിനും കഴിയുകയില്ല.

എന്നാൽ ജനാധിപത്യം മാറി, ഏകാധിപത്യം വന്നാൽ, കഷ്ടപ്പെടുകയേ നിവൃത്തിയുള്ളൂ. പശുമാംസം കിട്ടാതെ വരുന്നത് വലിയ പീഡനമൊന്നുമല്ലല്ലോ! സിറിയയിലും, ഇറാനിലും, ഇറാക്കിലും, പാക്കിസ്ഥാനിലും, ആഫ്രിക്കൻ രാജ്യങ്ങളിലും എത്രയോ ക്രിസ്ത്യാനികൾ ഇതിനോടകം തന്നെ യേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ രക്തസാക്ഷികളായി.

"....ചെന്നായും കുഞ്ഞാടും ഒരുമിച്ച് മേയും. സിംഹം കാളയെന്നപോലെ വൈക്കോൽ തിന്നും. സർപ്പത്തിന് പൊടി ആഹാരമായിരിക്കും. എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 65:19-26). വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന കാലഘട്ടം വരുന്നതിന് മുമ്പ് 'ജനത ജനതയോടും രാജ്യം രാജ്യത്തോടും എതിർക്കും....എന്നിൽ (യേശുവിനെ) വിശ്വസിക്കുന്നവനെ കൊല്ലുന്നവനെല്ലാം ദൈവത്തിന് വഴിപാട് അർപ്പിക്കുന്നുവെന്ന് വിചാരിക്കുന്ന സമയം വരുന്നു' (യോഹ.16:2).

**അടിക്കുറിപ്പ്:** 'പാവപ്പെട്ടവനെ അടിമയാക്കുന്ന ബൈബിളാണ്' മനുസ്മൃതി എന്ന ഗ്രന്ഥം എന്ന് പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ ഭരണഘടന ശില്പി ഡോ. അംബേദ്കർ പ്രസ്തുത ഗ്രന്ഥം പരസ്യമായി കത്തിച്ചിരുന്നു. മനുസ്മൃതി പ്രകാരം ബ്രാഹ്മണ-ക്ഷത്രിക-വൈശ്യ-ശൂദ്ര എന്നീ വർണ്ണങ്ങളിൽ പെട്ടവർ മാത്രമാണ് ഹിന്ദുക്കൾ. ദളിതർ മേൽപ്പറഞ്ഞ നാലുവിഭാഗത്തിൽ പെടുന്നില്ല. ദളിതർ അഞ്ചാമനാണ്. ദളിതനായിരുന്ന അംബേദ്ക്കർ 1956-ൽ ബുദ്ധമതത്തിലേക്ക് മതം മാറി. അദ്ദേഹത്തോടൊപ്പം ലക്ഷക്കണക്കിന് ദളിതർ ബുദ്ധമതാനുയായികളായിത്തീർന്നു.

## 02 വർഷിപ്പ് തലവനും തലൈവിയും...

"ആ....". അപ്പോൾ ഇത്രേം നേരം ഈ പരിശുദ്ധാത്മാവ് വരാതെയാണോ ഈ അന്യഭാഷയൊക്കെ പറഞ്ഞതെന്നു സാധാരണക്കാരന്റെ അന്തർഗ്ഗതം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ട ആരാധന ഏതെങ്കിലും വ്യക്തിയുടെ നിയന്ത്രണത്തിലേക്ക് ചുരുക്കപ്പെടുന്നു.

സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു: ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു (യോഹന്നാൻ 4:23). ഇത് ശമര്യ സ്ത്രീയോട് കർത്താവ് പറഞ്ഞ വാക്കുകളാണ്. ഈ വാക്കുകളെയാണ് പാട്ടു പാടി അന്യഭാഷ പറയുന്നതിനോട് സാമ്യപ്പെടുത്താൻ ഇന്ന് അനേകർ ശ്രമിക്കുന്നത്. അപ്പനെ ദിവസവും കാണുകയും, സ്നേഹിക്കുകയും, അപ്പനെ അപ്പാന്നു വിളിക്കുകയും ചെയ്യുന്ന, കൊച്ചിനോട് ആരെങ്കിലും വീണ്ടും അത് ചെയ്യാൻ നിർബന്ധിക്കണോ? സമാനമായി ഇവിടെ പറയുന്നത് ശ്രദ്ധിക്കു, ഒന്നൂടെ പാടാമോ? ഒന്ന് സ്തുതിക്കാമോ? ഒരു ഹല്ലേല്ലുയ്യാ പറയാമോ? തുടങ്ങി ആ കയ്യൊന്നു തട്ടാമോ? ഇവരുടെ പറച്ചിൽ കേട്ടാൽ, വന്നു കൂടിയവർ എല്ലാം നിർബന്ധത്താൽ ക്രൂശ് ചുമന്ന കുറേനക്കാരനായ ശീമോന്റെ പിൻതലമുറക്കാർ ആണെന്ന് തോന്നിപ്പോകും. ദൈവകൃപയുടെ മഹിമാധനത്തിന് ഒത്തവണ്ണം ദൈവസന്നിധിയിൽ അടുത്ത് ചെന്ന് ദൈവത്തോടുള്ള ഭക്തിയോടെ ദൈവം ആരെന്ന് അറിഞ്ഞു അവനെ മഹത്വപ്പെടുത്തുന്ന പ്രക്രീയയാണ് ആരാധന. നന്ദി കരേറ്റലും ആരാധനയും തമ്മിൽ അജഗജാന്തരമുണ്ട്.

1 ദിനവൃത്താന്തം 16:4-7 ഭാഗങ്ങൾ ഉയർത്തികാട്ടി ആസാഫിനെ ആരാധനയുടെ നേതാവായി തെരഞ്ഞെടുത്തുവെന്ന് വാദിക്കുന്നവർ ഒരു ചെറിയകൂട്ടം ഇല്ലാതില്ല. എന്നാൽ ആ ഭാഗം സസൂഷ്മം വായിച്ചാൽ, അവിടെ ആസാഫിനെ തിരഞ്ഞെടുത്തിരിക്കുന്നത് സംഗീതപ്രമാണി ആയിട്ടാണ് (Choir Leader). ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കിയിട്ടും ഉണ്ട്. അവർ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ യിസ്രയേലിന്റെ ദൈവമായ യഹോവെയ്ക്കു കീർത്തനവും വന്ദനവും സ്തോത്രവും ചെയ്‌വാൻ ലേവ്യരിൽ നിന്നു ശുശ്രൂഷകന്മാരെ നിയമിച്ചു. ആസാഫ് തലവൻ; രണ്ടാമൻ സെഖര്യാവു; പിന്നെ യെയീയേൽ, ശെമീരാമോത്ത്, യെഹീയേൽ, മത്ഥിഥ്യാവു, എലീയാബ്, ബെനായാവും, ഓബേദ്-എദോം, യെയീയേൽ എന്നിവർ വീണയും കിന്നരവും വായിച്ചു; ആസാഫ് കൈത്താളം കൊട്ടി. പുരോഹിതന്മാരായ ബെനായാവും യെഹസീയേലും ദൈവത്തിന്റെ നിയമപ്പെട്ടകത്തിന്റെ മുമ്പിൽ നിരന്തരം കാഹളം ഊതി. ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലെ ഇവിടെയും ക്വയർ ലീഡർ പരിണമിച്ചു. ഒടുവിൽ വർഷിപ്പ് ലീഡർ ആയിനിൽക്കുന്നു. വർഷിപ്പ് ലീഡർ എന്ന സ്വയം പ്രഖ്യാപിത പദവി കുറച്ചു കാലം മുൻപ് വരെ പുരുഷമേധാവിത്വം കയ്യടക്കിയിരുന്ന ഒരു സ്ഥാനമായിരുന്നു. അത്യാവശ്യം ചരിഞ്ഞും ചാടിയും കൂവിയും ഉണർത്തിയും ഒക്കെ അവർ അവരുടെ ഭാഗം ഭംഗിയായി അവതരിപ്പിച്ചു പോന്നു. വേഷവിധാനങ്ങളിൽ ലോകത്തിനു അനുരൂപവും, അതിൽ പൃഷ്ഠമദ്ധ്യഭാഗത്ത് തൂക്കി ഇട്ടിരിക്കുന്ന പാന്റ്സ് ആണ് എടുത്തു പറയേണ്ടത്!!! അബദ്ധത്തിൽ കുനിഞ്ഞാൽ കുറവൻ മലയും കുറത്തി മലയും ബന്ധിപ്പിച്ചു ഉണ്ടാക്കിയ ഇടുക്കി ഡാമിനെ അനുസ്മരിപ്പിക്കും വിധമാകും ആ കാഴ്ച. മുട്ടകുന്നുകളിൽ മേയുന്ന മുട്ടനാടുകളുടെ താടി രോമം പറിച്ചു നട്ടതുപോലുള്ള താടിയും എല്ലാം അവരുടെ പദവിക്ക് അനിവാര്യമെന്ന് യുവതലമുറയെ തെറ്റിദ്ധരിപ്പിക്കുന്നു. വേദിയിൽ അവരുടെ പ്രകടനം കഴിഞ്ഞാൽ അവർ പിന്നീട് നടക്കുന്ന പ്രസംഗം പോലും കേൾക്കാതെ സൊറ പറഞ്ഞിരിക്കുന്നതും കാണാം. തമിഴ്നാട്ടിൽ ഒക്കെ ആരെങ്കിലും മരിച്ചാൽ കൂലിക്ക് കരയാൻ ആളുകളെ വെയ്ക്കുന്നതു പോലെ, ജഡത്വം ബാധിച്ച് പെന്തെക്കോസ്തുകാർ ആരാധനയ്ക്കു ചിലരെ കൂലിക്ക് വിളിക്കുന്നു. അങ്ങനെ പെന്തെക്കോസ്തിൽ ഒരു തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. അവ

07

## 01 വേണോ നമുക്ക്....

ളിത്തരങ്ങളുടെ പിന്നാലെ പോയി പെന്തെക്കോസ്തിന്റെ തനിമ നഷ്ടപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ ശക്തമായ നടപടികളിലൂടെ ഇത്തരം പ്രവണതകളെ തടയിടുവാനും പെന്തെക്കോസ്ത് നേതൃത്വം മുന്നോട്ട് വരണം. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ എടുത്ത തീരുമാനം പരക്കെ അഭിനന്ദിക്കപ്പെട്ടു.

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം പേറുന്ന പെന്തെക്കോസ്ത് ഇന്ന് ഒരു വഴിത്തിരിവിലാണ്. പിതാക്കന്മാർ നടന്ന പാതയിലൂടെ സഞ്ചരിക്കണമോ എന്ന ചോദ്യം വീണ്ടും ഉയർന്നിരിക്കുന്നു. ഡ്രസ് കോഡ് വേണമെന്ന ആവശ്യമായി ചിലർ രംഗപ്രവേശം ചെയ്തുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഇത് പൊതുചർച്ചയായി മാറിയിരിക്കുന്നു. പെന്തെക്കോസ്തിനെ പഴയ ലാവണത്തിലേക്ക് മടക്കിക്കൊണ്ടുപോകുവാൻ ചിലർ ബോധപൂർവ്വം ശ്രമിക്കുമ്പോൾ വായനക്കാർക്ക് ഇതിനെക്കുറിച്ച് പ്രതികരിക്കുവാൻ ഞങ്ങൾ അവസരം നൽകുന്നു. വേണോ നമുക്ക് ഇങ്ങനെ ഒരു ഡ്രസ് കോഡ്.

# തെരഞ്ഞെടുത്തു



പാസ്റ്റർ ജോർജ് തോമസ്



പാസ്റ്റർ സി. ആർ. സുരേഷ്



ബ്രദർ കെ. സി. മാത്യു

**പാമ്പാക്കുട:** ഐ. പി. സി. പാമ്പാക്കുട സെന്റർ 2016 - 2017 -ലെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. പാസ്റ്റർ ജോർജ് തോമസ് (പ്രസിഡന്റ്), പാസ്റ്റർ റ്റി. റ്റി. തോമസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ സി. ആർ. സുരേഷ് (സെക്രട്ടറി), ബ്രദർ ഇമ്മാനുവേൽ ജോസഫ് (ജോ. സെക്രട്ടറി), ബ്രദർ കെ. സി. മാത്യു (ട്രഷറർ), പാസ്റ്റർ രഞ്ചു മാത്യു (പബ്ലിസിറ്റി കൺവീനർ), കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ ബിജു എബ്രഹാം, വി. എം. ശാമുവേൽ, അനീഷ് ആനന്ദ്, ഈ. എസ്. ജോൺ, സഹോദരന്മാരായ ജോൺ കുര്യൻ, സണ്ണി വി. എം., ജോയി കെ. സി, ലൂക്കോസ് അഗസ്റ്റിൻ, അലൻ എന്നിവരെ തെരഞ്ഞെടുത്തു.

## നിത്യതയിൽ



**പാസ്റ്റർ ക്ലീറ്റസ് ജോർജ് (43)**

**വയനാട്:** ഐ. പി. സി. കല്പറ്റ സെന്റർ സെക്രട്ടറിയും മാനന്തവാടി സഭയുടെ ശുശ്രൂഷകനുമായ പാസ്റ്റർ ക്ലീറ്റസ് ജോർജ് (43) ഒക്ടോബർ 21 വെള്ളിയാഴ്ച്ച നിത്യതയിൽ ചേർക്കപ്പെട്ടു. കൊല്ലം ജില്ലയിൽ പത്തനാപുരം സ്വദേശിയാണ്. ഐ. പി. സി മഞ്ചേരി, തിരുവമ്പാടി, കല്പറ്റ സെന്ററുകളിലായി രണ്ടു പതിറ്റാണ്ടോളം മലബാറിൽ സഭാ ശുശ്രൂഷകനായിരുന്നു. സംസ്കാര ശുശ്രൂഷയ്ക്ക് പാസ്റ്റർ പി. വി. സന്തോഷ് നേതൃത്വം നല്കി. സെന്റർ പാസ്റ്റർമാരായ തോമസ് തോമസ്, കെ. സി. ഉമ്മൻ, മാത്യു തോമസ് മലബാർ മേഖല പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് എന്നിവർ സന്നിഹതരായിരുന്നു.

ഭാര്യ: സിസ്റ്റർ മേരികുട്ടി, മക്കൾ: ഹെപ്സി, ഫെബ്സീബ(വിദ്യാർത്ഥികൾ)

## ഹൈറേഞ്ച് ബൈബിൾ കോളജ് ഉദ്ഘാടനം ചെയ്തു



മൂവാറ്റുപുഴയിൽ നിന്നും വളരെ അകലെയല്ലാത്ത പെരിങ്ങോട്ടൂർ എന്ന സ്ഥലത്ത് ആഗസ്റ്റ് 20-ന് ഡയറക്ടർ റവ. ഡോ. ജോയി ഏബ്രഹാം പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഡോ. ജോയി ഏബ്രഹാം, ഡോ. പി.ബി. തോമസ്, ഡോ. ലാലു തോമസ്, ഡോ. ബാബു മത്തായി, റവ. ടി. എ. തമ്പി (പ്രിൻസിപ്പാൾ), റവ. ജോസ് വ ർഗീസ് (റജിസ്ട്രാർ) എന്നിവർ അദ്ധ്യാപക രായി സേവനമനുഷ്ഠിക്കുന്നു. ആദ്യബാ ച്ചിൽ കേരളീയരായ 18 വിദ്യാർത്ഥികൾ വേദപഠനം നടത്തുന്നു. C.Th, G.Th, B.Th ബിരുദങ്ങൾ നൽകുന്ന ഈ സ്ഥാപനം അംഗീകാരമുള്ള ബൈബിൾ സെമിനാരിയുമായി അഫിലിയേറ്റ് ചെയ്താണ് പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിപ്പാനാപേക്ഷിക്കുന്നു.

## തിരുത്ത്

കഴിഞ്ഞ ലക്കം കുമ്പനാട് കൺവൻഷൻ വാർത്തയിൽ 2017 ജനുവരി 17-22 വരെ എന്നത് 2017 ജനുവരി 15-22 വരെ എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ.






## ഡോ. ഓമന റസ്സൽ വിരമിക്കുന്നു



കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രൊഫസർ ഡോ. ഓമന റസ്സൽ സർവ്വീസിൽ നിന്ന് നവംബർ 30 ന് പിരിയും. 35 വർഷത്തെ അദ്ധ്യാപനത്തിനു ശേഷമാണ് 60-ാം വയസ്സിൽ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്നത്. കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ പഠനത്തിനുശേഷം 1978 - ൽ തിരുവനന്തപുരം ഓൾ സെയിന്റ്സ് കോളേജിൽ നിന്നും ഡിഗ്രിയെടുത്തു. പുറ്റടി വിക്ടോറിയ പാരലൽ കോളേജിൽ പഠിപ്പിച്ചുകൊണ്ടാണ് അദ്ധ്യാപന രംഗത്തേയ്ക്ക് കടന്നു വന്നത്. തുടർന്ന് തിരുവനന്തപുരം കാർമ്മൽ കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, മുണ്ടക്കയം സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, മൂന്നാർ ലിറ്റിൽഫ്ളവർ ഗേൾസ് ഹൈസ്കൂൾ, നെയ്യാർ ഡാം ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു.

ഇതിനിടെ യു.ജി.സി. ക്വാളിഫൈഡ് ആയതിനെ തുടർന്ന് 1998 ൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമനം ലഭിച്ചു. ഡിഗ്രിയും ബിഎഡും എടുത്തശേഷം സാമ്പത്തിക ശാസ്ത്രത്തിലും സോഷ്യോളജിയിലും ചരിത്രത്തിലും എം.എ, ബിരുദങ്ങൾ നേടി. പിന്നീട് എം.ഫില്ലും. പി.എച്ച്.ഡിയും കരസ്ഥമാക്കി.

സർവ്വീസിൽ നിന്ന് പിരിയുമ്പോഴും കേരള യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമാണ്. അണ്ണാമല യൂണിവേഴ്സിറ്റിയിൽ എം.ഫിൽ ഗൈഡായും സേവനമനുഷ്ഠിക്കുന്നു.മാധ്യമപ്രവർത്തകനും ക്രൈസ്തവ ചിന്ത എഡിറ്ററുമായ കെ. എൻ. റസ്സൽ ആണ് ഭർത്താവ്. ഏക മകൻ ജോബിൻ റസ്സൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ ടൂറിസം ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.

## 06 വർഷിപ്പ് തലവനും തലൈവിയും...

രുടെ പേരാണ് "വർഷിപ്പ് ലീഡർ". പോകെ പോകെ, ഇപ്പോൾ സ്ത്രീ രത്നങ്ങളും ആ സ്ഥാനത്തേക്ക് കടന്നു വന്നു. ശ്രുതിയും ലയവും ഇല്ലെങ്കിലെന്ത് ലാസ്യഭാവങ്ങൾ മുഖത്തു മിന്നിമറയുന്നത് കണ്ട് വാപൊളിച്ചു നമ്മുടെ യുവനിരകൾ "ഹാ... ഹാ... ഹായ്-ലേലൂയ്യാ" എന്ന് പാടിയില്ലെങ്കിലേ അത്ഭുതമുള്ളൂ. ഭൂമികുലുക്കി പക്ഷി (ഈ പക്ഷിക്ക് മറ്റൊരു പേരുണ്ട്) തുള്ളുന്നത് പോലെ തുള്ളുകയും ചിലപ്പോൾ ഒറ്റക്കാലിൽ ഒക്കെ കറങ്ങുന്നതും കാണാം. മാന്യമായ വേഷം ധരിക്കാത്തവരെയും സോഷ്യൽ മീഡിയയിൽ വരുന്ന വീഡിയോകളിൽ കാണാം. അവർ വശം വലിച്ചു കീറിയ ടോപ്പും ഇട്ട് ഒറ്റക്കാലിൽ കറങ്ങുമ്പോൾ കൂടെ ആടുന്ന കണ്ണുകളെ ആകർഷിക്കുന്നത് ആരാധനയിലേക്കല്ല, പ്രത്യുത യുവനിര മുതൽ യൗവ്വനയുക്തരായ കിളവന്മാരുടെ വരെ വൈകാരിക മനസ്സിനെ കാടുകയറ്റാനെ അത് ഉപകരിക്കൂ. കൈകൾ ഉയർത്തുമ്പോൾ എങ്കിലും മാന്യതയുടെ പരിധി ലംഘിക്കാതിരുന്നാൽ വിയർത്തപാടുകൾ സദസ്യർക്ക് മുൻപിൽ മറയ്ക്കാൻ സാധിക്കും. എല്ലാം ചന്തവും ഉചിതവുമായി ചെയ്യാൻ ശ്രമിച്ചാൽ ദൈവനാമം ദുഷിക്കപ്പെടുവാൻ കാരമാവുകയില്ല.

കാലത്തിനു അനുസരിച്ച് കോലം തുള്ളിയില്ലെങ്കിൽ, കർണ്ണപുടങ്ങൾക്ക് ശബ്ദവീചികൾ ഇഷ്ടമായില്ലെങ്കിൽ, പ്രകാശനിയന്ത്രണം കണ്ണുകൾക്ക് ഇമ്പമായില്ലെങ്കിൽ ഒരു പക്ഷെ ആരാധ്യനായ ദൈവത്തിനു ആരാധന ലഭ്യമായെന്നു വരികയില്ലയെന്ന തെറ്റിദ്ധാരണയാണോ ഇന്ന് ഇത്തരം പ്രവണതകൾ വൈറസ് പോലെ പടരുന്നതിനു കാരണം? നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാരാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.

പരപ്രേരണകൊണ്ട് ശബ്ദവിന്യാസം തീർക്കുന്നതാണോ ആരാധന? സങ്കീർത്തനക്കാരൻ പറയുന്നു ഞാനോ, നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്നു നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും (സങ്കീ. 5:7). ഈ നിരൂപകന് നിർവ്വാണമേകുന്നതിനു മുമ്പ് ഒരു നിമിഷം ചിന്തിക്കൂ...ഇതെല്ലാം ദൈവനാമമഹത്വത്തിനോ അതോ വെറും തൊഴിലുറപ്പിനോ?

## ഏ. ജി. നോർത്തേൺ ഡിസ്ട്രിക്ട് കോൺഫറൻസ് സമാപിച്ചു.


പാസ്റ്റർ പാപ്പി മത്തായി


പാസ്റ്റർ ഷാജി വർഗ്ഗീസ്


പാസ്റ്റർ സി. പി. രാജു


പാസ്റ്റർ ആഷേർ വാസ്കർ

**ലെക്നൗ:** ഏ. ജി. നോർത്തേൺ ഡിസ്ട്രിക്ട് കൗൺസിൽ ഓഫ് ഏ. ജി. എൻ ഐയുടെ പന്ത്രണ്ടാമതു വാർഷിക കോൺഫറൻസ് നവംബർ 1, 2 തീയതികളിൽ ലെക്നോ സീതാപ്പൂർ രോഡിലുള്ള സഹഭാഗി ശിക്ഷൺ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ പാപ്പി മത്തായി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റോബർട്ട് ജയരാജ് മുഖ്യ പ്രസംഗകനായിരുന്നു.

എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പാസ്റ്റർമാരായ പാപ്പി മത്തായി (സൂപ്രണ്ട്), ഷാജി വർഗ്ഗീസ് (അസി. സൂപ്രണ്ട്), സി. പി. രാജു (സെക്രട്ടറി), ആഷേർ വാസ്കർ (ട്രഷറർ), ജെ. പി. സിംഗ് (കമ്മറ്റി അംഗം) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എല്ലാവരും നിലവിലുള്ള കമ്മറ്റി അംഗങ്ങളാണ്.

ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളാണ് നോർത്തേൺ ഡിസ്ട്രിക്ടിന്റെ പരിതിയിൽ പെടുന്നത്. നാന്നൂറോളം സഭകളാണ് ഏ. ജിയ്ക്ക് ഇവിടെയുള്ളത്. ശുശ്രൂഷകന്മാരും സഭാപ്രതിനിധികളും പങ്കെടുത്തു.


## MATRIMONIAL

Pentecostal parents seeking suitable alliance from pentecostal family for their daughter 28 years, fair, 5 feet 2 inches, CMA (IIMA-USA), B.Com., working in finance in Kuwait. Prefer ministry oriented boys settled abroad or middle east. If interested please contact

skmathew2014@gmail.com/ **96599141728, 9447273013**


## യു. പി. എഫ്. കൺവൻഷൻ

**ചാരുംമൂട്:** യു. പി. എഫ്. ചാരുംമൂട് ഒരുക്കുന്ന 10-ാമത് ജനറൽ കൺവൻഷൻ 2016 നവംബർ 17-20 വരെ ചാരുംമൂട് യു. പി. എഫ്. നഗറിൽ നടക്കും. എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ ജോൺ സാമുവേൽ (ഡൽഹി), പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), പാസ്റ്റർ ബി. മോനച്ചൻ (കായംകുളം) എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. യു. പി. എഫ്. ചാരുംമൂട് പ്രസിഡന്റ് പാസ്റ്റർ സി. ആർ മൈക്കിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. കോട്ടയം ഇറ്റേണൽ വോയിസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പാസ്റ്റർ പി. വി. ജോർജ്ജുകുട്ടി, പാസ്റ്റർ മാത്യു ലാസർ, പാസ്റ്റർ രാജു ജോൺ, പാസ്റ്റർ ബെന്നി വെട്ടിയാർ, ഇവാ. ഇ. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം വഹിക്കും.

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 21

BELIEVERS JOURNAL

PUBLISHED ON 10/11/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

## ലേഖനം

# ശക്തിയാർജ്ജിക്കുന്ന റഷ്യ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

ഒരു ലോക മഹായുദ്ധം അകലെയല്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്താൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ലോകത്തെ വൻ ശക്തികളായ അമേരിക്കയും റഷ്യയും തന്നെയാകും രണ്ട് പക്ഷങ്ങളിലായി നിലകൊള്ളുക എന്നത് ഉറപ്പാണ്. പക്ഷേ അത് അവർ തമ്മിലുള്ള നേരിട്ടുള്ള പ്രശ്നങ്ങളുടെ പേരിലാവില്ല. മിഡിൽ ഈസ്റ്റ് ആയിരിക്കും ഇനിയൊരു ലോകയുദ്ധത്തിന്റെ ഹേതു എന്ന് ഉറപ്പാണ്. കാരണം സിറിയയുടെ പേരിൽ അമേരിക്കയും റഷ്യയും കൊമ്പ് കോർക്കുകയാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ ഒന്നിച്ചു പൊരുതിയ മിത്രങ്ങളായിരുന്നു അമേരിക്കയും സോവിയറ്റ് യൂണിയനും. എന്നാൽ രണ്ടാം ലോക മഹായുദ്ധം അവസാനിച്ചു കഴിഞ്ഞതോടെ ലോകത്ത് രണ്ടു വൻ ശക്തികൾ ഉദയം ചെയ്തു അമേരിക്കയും സോവിയറ്റ് യൂണിയനും. സൂപ്പർ ശക്തികൾ എന്നാണ് ഈ രാജ്യങ്ങൾ അറിയപ്പെട്ടിരുന്നത്. പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങളായിരുന്നു അമേരിക്കൻ ചേരിയിൽ.നാറ്റോ ഉടമ്പടിയിലൂടെ ഇവര തമ്മിലുള്ള സഹകരണം കൂടുതൽ ദൃഢമായി. കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളായിരുന്നു സോവിയറ്റ് ചേരിയിൽ. 1945 മുതൽ 89 വരെ ഇവർ തമ്മിൽ നിലനിന്നിരുന്ന മത്സരവും സംഘർഷവും അമേരിക്കയും സോവിയറ്റ് യൂണിയനും നേരിട്ട് യുദ്ധം ചെയ്തില്ലെങ്കിലും ശീതയുദ്ധം ലോകത്ത് നിരവധി യുദ്ധങ്ങൾ സൃഷ്ടിച്ചു. കൊറിയൻ യുദ്ധം, വിയറ്റ്നാം യുദ്ധം, അറബ് ഇസ്രയേൽ യുദ്ധം എന്നിവയായിരുന്നു ആ യുദ്ധങ്ങൾ. രഹസ്യമായി പണവും ആയുധങ്ങളും നല്കിയും തന്ത്രങ്ങൾ മെനഞ്ഞും അമേരിക്കയും സോവിയറ്റ് യൂണിയനും ഈ യുദ്ധങ്ങളിൽ പക്ഷം പിടിച്ചു.

### സോവിയറ്റ് യൂണിയന്റെ ഉദയം

മുന്നൂറിലധികം വർഷക്കാലം റഷ്യൻ സാമ്രാജ്യം ഭരിച്ചിരുന്ന സാർ ചക്രവർത്തി ഭരണത്തിന് അന്ത്യം കുറിച്ചു കൊണ്ട് നടന്ന ബോൾഷെവിക് വിപ്ലവം എന്ന റഷ്യൻ വിപ്ലവം ആറര കോടി ജനങ്ങളാണ് ആ വിപ്ലവത്തിൽ കൊല്ലപ്പെട്ടത്. രാജാധിപത്യങ്ങളിൽ ഏറ്റവും സ്വാധീനം ചെലുത്തിയിരുന്നതും ഏറ്റവും അധികം പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നതുമായ ഒന്നാണ് റഷ്യൻ സാമ്രാജ്യം. 1741 മുതൽ 1917-ലെ ഒരാഴ്ച മാത്രം നീണ്ട ഫെബ്രുവരി വിപ്ലവത്തിൽ തൂത്തെറിയപ്പെടുന്നതു വരെ ഈ ഭരണസംവിധാനം നിലനിന്നു. മൂന്നു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച റഷ്യൻ സാമ്രാജ്യത്തിന്റെ സ്ഥലവിസ്തൃതിയുടെ സ്ഥാനം ബ്രിട്ടീഷ്, മംഗോളിയൻ രാജവംശങ്ങളുടെ വ്യാപനമേഖലയ്ക്ക് തൊട്ടുതാഴെയായിരുന്നു. റഷ്യയിൽ അന്ന് നിലവിലിരുന്ന സാർ നിക്കോളാസ് രണ്ടാമൻ അധികാരത്തിൽ പുറത്താക്കപ്പെടുകയും തുടർന്ന് ജോർജി ലവേവിന്റെ നേതൃത്വത്തിലുള്ള താൽക്കാലികസർക്കാർ അധികാരത്തിലെത്തുകയും ചെയ്തു. സാർ നിക്കോളാസ് നിയമിച്ച ലവേവിന് സർക്കാറിൽ പിന്തുണ ഉറപ്പാക്കാനാവാതെ വന്നതിനെത്തുടർന്ന് അദ്ദേഹത്തിന്റെ കീഴിൽ നിയമമന്ത്രിയായിരുന്ന സോഷ്യൽ റെവല്യൂഷനറി പാർട്ടിയിലെ അലക്സാണ്ടർ കെറൻസ്കി താൽക്കാലിക സർക്കാറിന്റെ ഭരണനേതൃത്വം ഏറ്റെടുത്തു. തത്ത്വത്തിൽ ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്ന ഈ വിപ്ലവം വ്ലാഡിമർ ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക് പാർട്ടിക്ക് വളരാൻ സാഹചര്യമൊരുക്കി. 1922 ഡിസംബർ 30ന് നാല് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുളുടെ യൂണിയനായ യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് നിലവിൽ വന്നു. പിന്നീട് അതിനോട് പല സ്റ്റേറ്റുകളും കൂട്ടിച്ചേർത്തു. അങ്ങനെ 1922 മുതൽ 1991 വരെ ലോകത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയൻ നില നിന്നു. ഫെബ്രുവരി വിപ്ലവത്തിനു ശേഷം റഷ്യയിലാകെ ബോൾഷെവിക്കുകളും താൽക്കാലിക സർക്കാറിന്റെ അനുയായികളും തമ്മിൽ സംഘർഷം നിലനിന്നു. തുടക്കത്തിൽ ഈ മുന്നേറ്റങ്ങളെ സൈനികശേഷി ഉപയോഗിച്ച് താൽക്കാലിക സർക്കാർ തടഞ്ഞുനിർത്തി. എന്നാൽ ഓട്ടൊമൻ തുർക്കിയുടെ ആക്രമണത്തെ തടയാൻ, കോക്കസസിൽ 5 ലക്ഷത്തോളം പട്ടാളക്കാരെ സർക്കാറിന് വിന്യസിക്കേണ്ടി വന്നിരുന്നു. യുദ്ധം, റഷ്യൻ സർക്കാരിൽ കടുത്ത രാഷ്ട്രീയസാമ്പത്തികപ്രശ്നങ്ങളും ഉണ്ടാക്കി. ഈ സ്ഥിതി മുതലെടുത്ത് ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകൾ സായുധവിപ്ലവത്തിലൂടെ കെറൻസ്കിയുടെ താത്കാലിക സർക്കാരിനെ അട്ടിമറിച്ചു. 1917-ലെ റഷ്യൻ വിപ്ലവത്തിന്റേയും, 1918 മുതൽ 1921 വരെ നടന്ന റഷ്യൻ ആഭ്യന്തരകലാപങ്ങളുടേയും ഫലമായി റഷ്യൻ സാമ്രാജ്യത്തെ നീക്കം ചെയ്ത് ആ ഭൂപ്രദേശത്ത് നിലവിൽ വന്ന സോവിയറ്റ് റിപ്പബ്ലിക്കുകളുടെ കൂട്ടായ്മയാണ് സോവിയറ്റ് യൂണിയൻ അഥവാ യു.എസ്.എസ്.ആർ എന്നറിയപ്പെട്ടത്. ഐക്യരാഷ്ട്രസഭയിൽ വീറ്റോ പവർ ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ശക്തിയായി ആ രാജ്യം വളർന്നു. അന്ന് കമ്മ്യൂണിസ്റ്റ് കാരും കമ്മുണിസ്റ്റ്കാരല്ലാത്തവരും ഒരു പോലെ പ്രകീർത്തിക്കുന്ന രാജ്യമായിരുന്നു സോവിയറ്റ് യൂണിയൻ.

(തുടരും...)

## വീക്ഷണം

# മാറുന്ന മദ്യനയവും മാറാത്ത പെന്തെക്കോസ്തും



റോബിൻ ശാമുവേൽ, തുവയൂർ

കേരളത്തിലെ മദ്യനയം മാറുകയാണ്. മദ്യനിരോധനത്തിനു പകരം ബോധവത്കരണത്തിലൂടെ മദ്യവർജ്ജനം എന്നതിനാണ് പുതിയ സർക്കാർ ഊന്നൽ നല്കുന്നത്. മദ്യനിരോധനം മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വരുത്തുന്നില്ല എന്നതും, മദ്യ നിരോധനം വ്യാജ മദ്യത്തിന്റെയും മറ്റ് മയക്കുമരുന്നുകളുടെയും ഉപഭോഗവർദ്ധനവിന് കാരണമാകുന്നതുമാണ് നയം മാറ്റത്തിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്.

എല്ലാക്കാലത്തും ഒരു വിവാദ വിഷയമായിരുന്നു മദ്യനയം. ബാറുകൾ പൂട്ടിയും വർഷം തോറും 10% വീതം ബിവറേജ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ പൂട്ടിയും മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുകയായിരുന്നു കഴിഞ്ഞ സർക്കാരിന്റെ ലക്ഷ്യം. പക്ഷേ മദ്യ ഉപഭോഗത്തിൽ വലിയ കുറവു വന്നില്ലെന്നു തന്നെയാണ് കണക്കുകൾ കാണിക്കുന്നത്. 2016 – 17 സാമ്പത്തിക വർഷത്തെ (ഏപ്രിൽ – ആഗസ്റ്റ്) ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനയിൽ 173 കോടിയുടെ വർദ്ധനവാണ് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ ഉണ്ടായിരിക്കുന്നത്. ഇക്കഴിഞ്ഞ ഓണക്കാലത്തെ പത്ത് ദിവസത്തെ കച്ചവടം കഴിഞ്ഞ ഓണക്കാലത്തെക്കാൾ 60.42 കോടി രൂപയുടെ വർദ്ധനവാണ് രേഖപ്പെടുത്തിയത്.

മലയാളി 'വെള്ളമടിച്ചു' കളയുന്ന തുക വർഷം തോറും വർദ്ധിക്കുകയാണ്. ബിവറേജസ് കോർപ്പറേഷൻ വഴിയായി ഇതിൽ നല്ലൊരു പങ്കും സർക്കാർ ഖജനാവിലേക്ക് തന്നെ ചെന്നെത്തുന്നുമുണ്ട്. ഇതും മദ്യനയത്തിലെ പൊളിച്ചെഴുത്തിന് നിദാനമായിട്ടുണ്ടാകണം. പക്ഷെ മദ്യത്തിന്റെ ലഭ്യത ഉയർത്തുന്നതിനുള്ള ഏത് നീക്കവും അപകടകരമാണെന്നതാണ് യാഥാർത്ഥ്യം. മദ്യം മലയാളിയുടെ ജീവിത രീതിയുടെ തന്നെ ഭാഗമായി മാറുന്ന ഈ കാലത്ത് മദ്യം കുടിച്ച് മരിക്കുന്ന മലയാളിയെയായിരിക്കും നാം അഭിമുഖീകരിക്കുക. കല്യാണത്തിനും മരണത്തിനും തുടങ്ങി ആളുകൂടുന്നിടത്തെല്ലാം ഒഴിവാക്കാൻ പറ്റാത്ത വസ്തുവായി മദ്യം മാറിയിരിക്കുന്നു. എന്തിനേറെപ്പറയുന്നു സ്കൂൾ കുട്ടികൾ പോലും മദ്യം നുണയുന്ന സംഭവങ്ങൾ പെരുകുകയാണ്. മദ്യം എന്ന ലക്ഷ്യത്തിനായി മദ്യ ഔട്ട്ലെറ്റുകൾക്ക് മുമ്പിൽ എരിവെയിലത്ത് ക്യൂ നിൽക്കുന്നവർ കേരളത്തിന്റെ കാഴ്ചയായി മാറിയിരിക്കുന്നു. മദ്യം തകർത്തെറിഞ്ഞ കുടുംബങ്ങളുടെ എണ്ണവും ദിനം പ്രതി വർദ്ധിക്കുകയാണ്. മദ്യത്തെ ആദർശവത്കരിക്കുന്ന സിനിമകളും കലാകാരന്മാരും മദ്യപാനത്തെ പോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നു.

മദ്യനിരോധന പ്രസ്ഥാനങ്ങളും ഇവയുടെ നേതാക്കളും സമരങ്ങളും പ്രസ്താവനകളുമായി ഇറങ്ങാറുണ്ടെങ്കിലും അവയൊന്നും ലക്ഷ്യം കാണാത്ത സ്ഥിതിയാണിന്നുള്ളത്. പരമ്പരാഗത ക്രൈസ്തവ സഭകളുടെ പിന്തുണയോടു കൂടിയാണ് ഇത്തരം പല സംഘടനകളും പ്രവർത്തിക്കുന്നത്. പക്ഷേ സഭാ ജനങ്ങൾക്കിടയിലെ മദ്യക്കച്ചവടത്തിനെതിരെ ഇവർ പുലർത്തുന്ന മൗനം പലപ്പോഴും ഇവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നു.

ഇവരെപ്പോലെതന്നെ അഴകൊഴമ്പൻ സമീപനമാണ് പൗരോഹിത്യ സഭകളുടെ നേതൃത്വവും പുലർത്തുന്നത്. മദ്യപാനത്തെ എതിർക്കുമ്പോഴും മദ്യശാലകൾ നടത്തുന്ന കുഞ്ഞാടുകളെ പിന്തിരിപ്പിക്കുന്നതിനോ കുടിച്ച് കൂത്താടി നടക്കുന്നവർക്ക് ആരാധനാചടങ്ങുകളിൽ വിലക്കേർപ്പെടുത്തുന്നതിനോ ഇവർക്ക് യാതൊരു താല്പര്യവുമില്ല. ബൈബിൾ ശക്തിയായി മദ്യത്തെ എതിർക്കുമ്പോഴാണ് പാരമ്പര്യ സഭകൾ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നതെന്നതാണ് പരിഹാസ്യം. മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ലെന്ന് പ്രഖ്യാപിക്കുന്ന ദൈവവചനം (ഗലാത്യർ.5:19) മാറ്റി വെക്കുകയാണ് പാരമ്പര്യ സഭകൾ. മദ്യത്തിനെതിരെ ദൈവമക്കളെ ജാഗരൂകരാക്കുന്ന വേദഭാഗങ്ങൾ മറന്നാണീ നിലപാടുകൾ.

ഇവിടെയാണ് വേർപെട്ട വിശ്വാസസമൂഹത്തിന്റെ നിലപാടുകൾ വ്യത്യസ്തമാക്കുന്നത്. ദൈവവചനത്തിൽ അടിയുറച്ചു നിന്ന് പെന്തെക്കോസ്ത് സമൂഹം മാത്രമാണ് മദ്യവർജ്ജനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ള മലയാളി സമൂഹം. ഇതിന് വിശ്വാസത്തിന്റെ കൂടി പിൻബലമുണ്ടായിരുന്നുവെന്നതാണ് നമ്മുടെ വ്യത്യസ്തത. രക്ഷയിലേക്ക് വരുന്ന ഏത് മുഴുകുടിയനും സ്വിച്ചിട്ട പോലെ മദ്യപാനം ഉപേക്ഷിച്ചതിന് എത്രയെത്ര ഉദാഹരണങ്ങൾ. മദ്യ വർജ്ജനം പ്രായോഗികമാണ് എന്ന് തെളിയിച്ചവരാണ് പെന്തെക്കോസ്തർ.

പക്ഷേ വിരോധാഭാസമെന്നു പറയട്ടെ പെന്തെക്കോസ്ത് സമൂഹം കൈവരിച്ച് ഈ നേട്ടം അംഗീകരിക്കുന്നതിനോ, പഠന വിധേയമാക്കുന്നതിനോ നമ്മുടെ പൊതു സമൂഹം ഇനിയും തയ്യാറായിട്ടില്ല. മദ്യനിരോധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചർച്ചകളിൽ പോലും നമ്മെ ഭാഗവാക്കാക്കിട്ടില്ല. മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്കും പ്രസംഗങ്ങൾക്കും നേടാൻ കഴിയാത്ത നേട്ടം കൈവരിച്ചിട്ടും നാം തഴയപ്പെടുന്നതിനു കാരണം 'വെള്ളമടിക്കാത്തവർക്ക് എന്തോ കുഴപ്പമുണ്ട്' എന്ന നിലയിലാണ് നമ്മുടെ പൊതുസമൂഹം മദ്യപരല്ലാത്തവരെ കാണുന്നതെന്നതാണ്. ചുരുക്കത്തിൽ വിശ്വാസികളുടെ മദ്യ വിരുദ്ധതയെ എന്തോ അശ്ലീലമായി കാണാനാണ് ബുദ്ധി ജീവികൾക്ക് താല്പര്യം. മദ്യനിരോധന ചർച്ചകളിൽ നിറയുന്നതും ഇതുകൊണ്ടുതന്നെ.

മദ്യലഭ്യത ഉയരുന്നതിന് കാരണമാകുമെന്ന ആക്ഷേപം പുതിയ മദ്യനയത്തെപ്പറ്റി ഉയരുന്നുണ്ട്. എന്നാൽ മദ്യവർജ്ജനം എന്ന നയം പ്രതീക്ഷനല്കുന്നതുമാണ്. പെന്തെക്കോസ്ത് സമൂഹം നടപ്പിലാക്കി വിജയിപ്പിച്ചിട്ടുള്ളതും ക്യാമ്പയിനുകളായി ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഒന്നുമാണല്ലോ മദ്യവർജ്ജനം. എക്സൈസ് മന്ത്രി റ്റി. പി. രാമകൃഷ്ണൻ നിയമസഭയിൽ ഇക്കഴിഞ്ഞ സെപ്റ്റംബർ 28-ന് നൽകിയ മറുപടിയിൽ ഇക്കാര്യം ഊന്നിപ്പറയുന്നുമുണ്ട്. മദ്യപാനശീലത്തെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരിവസ്തുതക്കൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും ലക്ഷ്യമിട്ട് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് സർക്കാർ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്. മദ്യപാനത്തെ ഉദാത്തവത്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്ന് മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിന് ബോധവത്കരണം. ഇതിനായി ബോധവത്ക്കരണ മിഷൻ തുടങ്ങി വിപുലമായ ജനകീയ ക്യാമ്പയിനാണ് വരാൻ പോകുന്നത്. സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ തുടങ്ങിയ പൊതുജനങ്ങളുടെ വരെ പിന്തുണയോടെ നടക്കുന്ന ഈ വലിയ പദ്ധതിയിൽ നമുക്കും പങ്കെടുക്കുവാനുള്ള അവസരമാണ് കൈവരുന്നത്. കാലങ്ങളോളം നാം നടത്തിയ മദ്യവിരുദ്ധ ബോധവത്കരണ യാത്രകൾക്കും സന്ദേശങ്ങൾക്കും ഔദ്യോഗിക പിന്തുണ കൂടി ഇനി ലഭിക്കും. സർക്കാർ മാറുന്നതിനനുസരിച്ച് മദ്യനയങ്ങൾ മാറിയപ്പോഴൊന്നും മാറാതിരുന്ന നമ്മുടെ മദ്യവിരുദ്ധ നിലപാടുകൾക്കുള്ള അംഗീകാരം കൂടിയാവും ഇത്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.